# MY LORD, MY GOD

## *Bulletin Irinjalakuda Diocese*

*P.B. No. 59, Irinjalakuda-680121*

*Phone : 2826830, 2826820*

*Website : www.irinjalakudadiocese.com*

*Book : 32 Volume : 12*

***December 2011***


## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 ഇടയലേഖനം ........ 06
4 സർക്കുലർ – ദീപിക ........ 10
5 സർക്കുലർ – ബൈബിൾ കൺവെൻഷൻ .. 12
6 മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ ........ 13
7 സ്പിരിറ്റ് ഇൻ ജീസസ് – പ്രസ്താവന ........ 15
8 മതബോധനം ........ 19
9 ബൈബിൾ അപ്പസ്തോലേറ്റ് ........ 20
10 സോഷ്യൽ ആക്ഷൻ ........ 21
11 ബ്ലസ് എ ഹോം ........ 22
12 സഭാവാർത്തകൾ ........ 24
13 സംഘടനാവാർത്തകൾ
അവാർഡ് ........ 27
കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ........ 29
അൾത്താര ബാലസംഘം ........ 30
സഹൃദയ കോളേജ് സ്കോളർഷിപ്പ് ........ 31
സ്പിരിചാലിറ്റി സെന്റർ ........ 33
ബി.എൽ.എം. ........ 34
കരിസ്മാറ്റിക് മൂവ്മെന്റ് ........ 34
ചെന്നൈ മിഷൻ ........ 35
സെന്റ് പോൾസ് മൈനർ സെമിനാരി ........ 36
ഫ്രാൻസിസ്കൻ അസ്സോസിയേഷൻ ........ 37
നവചൈതന്യ ........ 37
തിരുബാലസഖ്യം ........ 38
സാൻജോ സദൻ ........ 38
പാക്സ് ........ 38
14 ഇടയന്റെ നാളകൾ ........ 39
15 ഇടയന്റെ ഇന്നലെകൾ ........ 40




# ഇടയശബ്ദം



പ്രിയ സഹോദരവൈദിക സുഹൃത്തുക്കളെ, സ്നേഹസമർപ്പിതരെ, വാത്സല്യ സഹോദരീസഹോദരൻമാരെ,

ദൈവത്തെ ആരാധിക്കുക, മനുഷ്യരെ സ്നേഹിക്കുക, പ്രകൃതിയെ ആദരിക്കുക എന്നീ ത്രിവിധ കാര്യങ്ങൾ മനുഷ്യജീവിതത്തിന്റെ ആത്യന്തിക ദൗത്യങ്ങളാണ്. 2008-ൽ വത്തിക്കാൻ പ്രസിദ്ധീകരിച്ച ഏഴ് സാമൂഹിക മൂലപാപങ്ങളുടെ പട്ടികയിൽ ഒന്ന് പ്രകൃതിയെ മലിനമാക്കലാണ്. മാരകമായ വിഷം തളിച്ച് ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കി വിൽക്കുന്നത് ഒരിക്കലും ന്യായീകരിക്കാനാവാത്ത തിന്മ തന്നെയാണ്. നമ്മുടെ ഭൂമിയും പ്രപഞ്ചവും ദൈവത്തിന്റെ വലിയ ദാനമാണ്. മനുഷ്യസൃഷ്ടിക്കുമുമ്പേ ദൈവം ഭൂമിയെ സൃഷ്ടിച്ചുവെന്ന് വിശുദ്ധ ഗ്രന്ഥം ഓർമ്മപ്പെടുത്തുന്നുണ്ട്. "ഭൂമിയും അതിലെ സമസ്ത വസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ്. സമുദ്രങ്ങൾക്കു മുകളിൽ അതിന്റെ അടിസ്ഥാനമുറപ്പിച്ചതും നദിക്കു മുകളിൽ അതിനെ സ്ഥാപിച്ചതും അവിടുന്നാണ്" (സങ്കീ. 24,1-2).

ദൈവത്തിന്റെ പദ്ധതിയനുസരിച്ചേ മനുഷ്യൻ പ്രകൃതി വസ്തുക്കളെ ഉപയോഗിക്കാവൂ. പ്രകൃതിവസ്തുക്കളെ ഉപയോഗിക്കാതെ മനുഷ്യവർഗ്ഗത്തിന് അതിജീവനമില്ല. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണമനുസരിച്ച് ദൈവനിയോഗത്തിന്റെ ഭാഗമാണത്. വികസനപ്രവർത്തനങ്ങൾക്കും വിഭവങ്ങൾ അനിവാര്യമാണ്. എന്നാൽ പരിസ്ഥിതിയെ മാനിക്കുന്ന വികസന നയമാണ് നമുക്കിന്ന് ആവശ്യം. വിഭവ വിനിയോഗത്തിനും വികസനപ്രവർത്തനങ്ങൾക്കും ബാധകമായ ഒരു പൊതുനിയമം രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നുണ്ട്. "ഓരോ മാനുഷിക പ്രവൃത്തിയും ദൈവത്തിന്റെ പദ്ധതിയോടും ഹിതത്തോടും മനുഷ്യവംശത്തിന്റെ യഥാർത്ഥ നന്മയോടും ചേർന്നതാകണം" (GS.35). വികസന പ്രവർത്തനങ്ങളുടെ പ്രായോഗികവശത്തെ മാനിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നതിപ്രകാരമാണ് : "പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്ന ഓരോ വ്യക്തിയും പരിസ്ഥിതി സംരക്ഷണത്തോട് താല്പര്യം കാണിക്കണം. അതിനു വരുന്ന ചെലവുകൾ യഥാർത്ഥ ചെലവുകളുടെ ഭാഗമായി കണക്കാക്കണം".

പരിസ്ഥിതി സംരക്ഷണത്തിന് നമുക്കുണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട മൂന്ന് മനോഭാവങ്ങൾ താഴെ ചേർക്കുന്നു. ഒന്ന് അതിന്റെ സമഗ്രതയാണ്. ജീവസംരക്ഷണം എന്ന വലിയ ലക്ഷ്യത്തിന്റെ ഭാഗമാകണം പരിസ്ഥിതി സംരക്ഷണം. ഭ്രൂണഹത്യയെ അനുകൂലിക്കുകയും മരം മുറിക്കുന്നതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ എടുക്കുകയും ചെയ്യുന്നത് സമഗ്രതയില്ലാത്ത പ്രകൃതിസ്നേഹത്തിന്റെ അടയാളമാണ്. മനുഷ്യന്റെ സവിശേഷമായ ശ്രേഷ്ഠതയെ മാനിക്കുന്ന തരത്തിലാകണം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ. രണ്ടാമത്തേത് പരിസ്ഥിതി സംരക്ഷണം ആത്യന്തികമായി ഒരു ജീവിതശൈലിയാകണം. ഏതാനും പ്രതീകാത്മക പ്രവർത്തികളിലൂടെ മാത്രം പ്രകൃതിയെ സംരക്ഷിക്കാനാകില്ല. നമ്മുടെ ഭക്ഷണം, താമസം, വസ്ത്രധാരണം, യാത്ര, ഊർജ്ജവിനിയോഗം, വിനോദം എന്നിവ പുനക്രമീകരിക്കണം. മൂന്നാമതായി പരിസ്ഥിതി സംരക്ഷണം സഭാസമൂഹം ഒറ്റയ്ക്കേറ്റെടുത്ത് നടത്തേണ്ട ഒന്നല്ല. വിവിധ മതങ്ങളോടും ജനാധിപത്യ സർക്കാരുകളോടും സാമൂഹികസാംസ്ക്കാരിക സംഘടനകളോടും ചേർന്ന് പ്രകൃതി സംരക്ഷണത്തിനായി ഒരു ജനകീയ മുന്നേറ്റത്തിന് നേതൃത്വം കൊടുക്കുവാൻ നമുക്ക് കഴിയണം.

മൂന്ന് പ്രായോഗികനിർദ്ദേശങ്ങൾ ഇതോടൊപ്പം നൽകുവാൻ ആഗ്രഹിക്കുകയാണ്.

1. ശുചിത്വഭൂമി (Clean Earth) : മാലിന്യങ്ങളെ കൃത്യമായി തരംതിരിച്ച് ശേഖരിക്കാനും സംസ്ക്കരിക്കാനും പരിശ്രമിക്കുന്നതുവഴി ഭൂമിയെ വൃത്തിയായി കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിക്കും.

2. ഹരിതഭൂമി (Green Earth) : പ്രകൃതിയെ സംരക്ഷിക്കാനുള്ള എളുപ്പവഴികളിൽ ഒന്ന് ധാരാളം ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിച്ച് ഭൂമിയെ പച്ചപ്പുള്ളതാക്കുക എന്നുള്ളതാണ്. ആഗോളതാപനത്തിനും പ്രകൃതിക്ഷോഭങ്ങൾക്കും വിഭവശോഷണത്തിനും ഇതുവഴി പരിഹാരമുണ്ടാകും.

3. അനുഗ്രഹദായകമായ ഭൂമി (Blessed Earth) : പ്രകൃതിയിൽ മനുഷ്യർക്കും ജീവജാലങ്ങൾക്കും ആവശ്യത്തിനുള്ളത് ഉണ്ട്. അവയെ ചൂഷണത്തിന് വിധേയമാക്കാതെ ആവശ്യത്തിന് മാത്രം ഉപയോഗിക്കുക. ജലത്തെയും ഊർജ്ജംപ്രദാനം ചെയ്യുന്ന വസ്തുക്കളെയും മണ്ണിനെയും നിയന്ത്രിച്ച് ഉപയോഗപ്പെടുത്തുക. ഒരിക്കലും മലിനപ്പെടുത്താതിരിക്കുക.



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

25. 11. 2011 ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

**1 Appointments**

1 Rev. Fr. Varghese Vadakepeedika Vicar & Chaplain, Kumbidi w.e.f. 29. 11. 2011

2 Rev. Fr. Raphael Puthenveettil Vicar & Chaplain, Edakulam w.e.f. 29. 11. 2011

3 Rev. Fr. Antony Paramban CMI New Member of the Presbyteral Council instead of Rev. Fr. John Kollannur CMI

4 Rev. Fr. Antony Kallamplackal CR, New Member of the Presbyteral Council instead of Rev. Fr. Devassy Kollamkudy SDB

5 Rev. Fr. Thomas Menachery Director, Legion of Mary w.e.f. 11.11.2011

6 Rev. Fr. Pauly Pudussery Relieved, Legion of Mary w.e.f. 11.11.2011

**2. തിരുപ്പട്ടം :** ഈ വർഷം നമ്മുടെ രൂപതയിൽ വൈദികപട്ടമേൽക്കുന്ന ബഹു. ഡീക്കന്മാരുടെ പേരുകളും സ്ഥലങ്ങളും തീയതികളും താഴെ ചേർക്കുന്നു. പൗരോഹിത്യം സ്വീകരിക്കുന്ന ബഹു. ഡീക്കന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഉദ്ബോധിപ്പിക്കുമല്ലോ. നവ വൈദികർക്കുള്ള സ്വീകരണം ജനുവരി 7-ാം തിയ്യതി ബുധനാഴ്ച വൈദികരുടെ മാസധ്യാനത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ വച്ചായിരിക്കും.

| | പേര് | സ്ഥലം | തിയ്യതി | സമയം |
|---|---|---|---|---|
| 1 | ഡീ. ഡെയ്സൻ കവലക്കാട്ട് | കരാഞ്ചിറ | ഡിസം. 26 | 9 am |
| 2 | ഡീ. ജിന്റോ വേരംപിലാവിൽ | മാരാംകോട് (SJ) | ഡിസം. 27 | 9 am |
| 3 | ഡീ. ലിന്റോ തളിയനായത്ത് | കുണ്ടൂർ | ഡിസം. 28 | 9 am |
| 4 | ഡീ. സിബു കള്ളാപറമ്പിൽ | മാപ്രാണം | ഡിസം. 29 | 9 am |
| 5 | ഡീ. ജോബി മേനോത്ത് | മോതിരക്കണ്ണി | ഡിസം. 31 | 9 am |
| 6 | ഡീ. ഡിന്റോ പ്ലാക്കൽ | കത്തീഡ്രൽ, IJK | ജനു. 2 | 9 am |

3 **ഡിസംബർ 28 :** അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ പൗരോഹിത്യ സ്വീകരണദിനം. അന്നേദിവസം പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

4. **മാസധ്യാന റിപ്പോർട്ട് :** ബഹു. വൈദികരുടെ 2011-ലെ മാസധ്യാന റിപ്പോർട്ട് ഡിസംബർ അവസാനത്തോടെ പെ. ബഹു. ഫൊറോന വികാരിമാർ രൂപതാ കാര്യാലയത്തിൽ നല്കേണ്ടതാണ്.

5. **ആരാധനാക്രമ പഞ്ചാംഗം :** 2012-ലെ ആരാധനാക്രമ പഞ്ചാംഗം, ബൈബിൾ വായന കലണ്ടർ എന്നിവ രൂപതാകേന്ദ്രത്തിൽനിന്ന് വാങ്ങാവുന്നതാണ്.

6. **വൈദിക ക്ഷേമനിധി :** രൂപതയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന വൈദികർ P.W.F-ന്റെ ജനറൽ ബോഡി യോഗതീരുമാനപ്രകാരം സ്റ്റോൾ ഫീ ഒഴികെയുള്ള ഒരു മാസത്തെ അലവൻസ് P.W.Fലേക്കായി 2012 ജനുവരി 31-നു മുമ്പ് രൂപതാ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതാണ്.

7. **വൈദികരുടെ മാസധ്യാനവും കോൺഫ്രൻസും :** ഡിസംബർ 7-ാം തിയ്യതി ബുധനാഴ്ച 10.00 a.m. മുതൽ 3.30 p.m വരെ ബിഷപ്സ് ഹൗസിൽ വച്ചായിരിക്കും. 2.30 മുതൽ P.W.F ന്റെ ജനറൽബോഡി യോഗമായിരിക്കും. എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

8. **കച്ചേരി അവധി :** ക്രിസ്തുമസ്സിനോടനുബന്ധിച്ച് 2011 ഡിസംബർ 22 മുതൽ 2012 ജനുവരി 6 വരെ രൂപതാകച്ചേരി അവധിയായിരിക്കും.

9. **അമ്പുതിരുനാൾ :** രൂപതാ നിർദ്ദേശങ്ങൾക്കനുസരിച്ച് അമ്പ് പ്രദക്ഷിണങ്ങളുടെ സമയനിഷ്ഠ പാലിക്കുവാനും പ്രദക്ഷിണങ്ങൾ പൊതുനിരത്തുകളിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അമ്പ് പ്രദക്ഷിണങ്ങൾ ആഘോഷത്തേക്കാൾ ആദ്ധ്യാത്മിക ഉണർവ്വ് പകരുന്നതിന് സഹായകമായ രീതിയിൽ നടത്തുമല്ലോ. തിരുനാളിന്റെ ചൈതന്യത്തിന് യോജിക്കാത്ത ഗാനമേള, മെഗാഷോ, മറ്റു കലാപരിപാടികൾ ഒഴിവാക്കേണ്ടതാണ്.

10. **തിരുനാൾ റിപ്പോർട്ട് :** തിരുനാളുകൾ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ നിശ്ചിതഫോറത്തിൽ റിപ്പോർട്ട് അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

11. **പാസ്റ്ററൽ കൗൺസിൽ – ഡിസംബർ 10 :** 12-ാം പാസ്റ്ററൽ കൗൺസിലിന്റെ 3-ാം സമ്മേളനം ഡിസംബർ 10-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് ബിഷപ്സ് ഹൗസിൽ ആരംഭിക്കുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

ഇരിങ്ങാലക്കുട **മോൺ. ജോസ് ഇരിമ്പൻ**
22. 11. 2011 വികാരി ജനറാൾ

1313/11
24. 11. 11

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ. രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

ഈശോയിൽ വാത്സല്യ സഹോദരങ്ങളെ,

"ഇതാ സകലജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്കാ. 2,10-11)

ഈ ലോകത്ത് സംഭവിക്കാവുന്ന ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്നാണ് ദൈവം മനുഷ്യനാകുക എന്നത്. മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ദൈവപുത്രന്റെ ജന്മദിനത്തിന്റെ നിറമാർന്ന ഓർമ്മകളിലൂടെയുള്ള യാത്രയാണ് ഓരോ ക്രിസ്തുമസും. ആയിരം നാദങ്ങൾ ഉതിർക്കുന്ന ദേവാലയമണികളും വർണ്ണകടലാസിൽ തീർത്ത നക്ഷത്രവിളക്കുകളും മധുരസമ്മാനങ്ങളുമായി ഓടിയണയുന്ന സാന്തോക്ലോസുകളും മഞ്ഞണിഞ്ഞ താഴ്‌വരകളിലൂടെ ഗ്ലോറിയാ ഗീതങ്ങൾ പാടിനടക്കുന്ന കരോൾ കൂട്ടങ്ങളും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ സന്തോഷവും സമാധാനവും പങ്കുവയ്ക്കുന്നു.

ദൈവമനുഷ്യസമാഗമത്തിന്റെ സുന്ദരഭൂമിയാണ് ബേത്‌ലെഹെം. നൂറ്റാണ്ടുകൾക്കപ്പുറം പ്രവാചകൻ മൊഴിഞ്ഞതിന്റെ പൂർത്തീകരണമാണിവിടെ. "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" (ഏശ 7,14; മത്താ. 1,23). ലോകത്തിന്റെ ആരംഭം മുതൽ ചരിത്രത്തിലിന്നോളം മനുഷ്യരോടൊപ്പം വസിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തെ നാം കണ്ടുമുട്ടുന്നു. ഏദേൻതോട്ടത്തിലും മരുഭൂമിയിലെ യാത്രയിലും ന്യായാധിപന്മാരിലും രാജാക്കന്മാരിലും പ്രവാചകരിലും കൂടെ വസിക്കുന്ന, കൂട്ടിരിക്കുന്ന ദൈവത്തിന്റെ ചിത്രം വരച്ചുവച്ചിട്ടുണ്ട്. ദൈവപുത്രന്റെ അവതാരത്തോടെ ദൈവസാന്നിധ്യത്തിന് കൂടുതൽ മിഴിവ് ലഭിച്ചു. ഈശ്വരൻ അനന്തതയിൽ അപ്രത്യക്ഷമായിരിക്കുന്ന അദൃശ്യസാന്നിധ്യമല്ല മനുഷ്യന്റെ സുഖദു:ഖങ്ങളിൽ നിറഞ്ഞു നില്ക്കുന്ന വിശുദ്ധകൂടാരമാണ്. സങ്കടങ്ങളുടെ പെരുമഴയിൽ മനുഷ്യരോടൊപ്പം നനയുന്ന, കൂരി

രുട്ടിന്റെ നിശബ്ദതയിൽ വഴി നടത്തുന്ന ഒറ്റപ്പെടലിന്റെ വന്യതയിൽ മാറോടുചേർക്കുന്ന ആഹ്ലാദങ്ങളുടെ വസ ന്തങ്ങളിൽ മനംനിറയുന്ന എമ്മാനുവേലാണ് മനുഷ്യരോടുകൂടെയുള്ള ദൈവം.

ബേത്ലെഹെമിലെ പുൽക്കൂട്ടിൽ എല്ലാവർക്കും ഇടമുണ്ടായി രുന്നു. ദൈവമകനായ ഉണ്ണീശോയ്ക്ക്, നീതിമാനായ യൗസേപ്പിന്, നിർമ്മലയായ പരിശുദ്ധ മറിയത്തിന്, നിഷ്കളങ്കരായ ആട്ടിടയർക്ക്, വിജ്ഞാനികളായ പൂജരാജാക്കന്മാർക്ക്. നമ്മുടെ ഹൃദയം ക്രിസ്തുവിന് പിറക്കാനുള്ള സ്ഥലമാക്കി ഒരുക്കുമ്പോൾ ആർക്കൊക്കെയാണ് നാം അവിടെ ഇടം കൊടുക്കുക? സമ്പന്നനും സാധാരണക്കാരനും വിജ്ഞനും നിരക്ഷരനും നീതിമാനും ബലഹീനനും ഉടമയ്ക്കും അടിമയ്ക്കും സൗന്ദര്യമുള്ളതിനും വിരൂപമായതിനും നേട്ടമുള്ളവനും ശക്തിയില്ലാത്തവനും അല്പം ഇടമുണ്ടാകുമോ അവിടെ?

നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിലും തിരുനാളുകളിലും ചെലവഴിക്കുന്ന തുകയുടെ ദശാംശമെങ്കിലും പാവപ്പെട്ടവർക്കുവേണ്ടി പങ്കുവയ്ക്കാൻ നമുക്ക് സാധിക്കണം. കഷ്ടത അനുഭവിക്കുന്നവർ നമ്മുടെ ചുറ്റും പെരുകുമ്പോൾ നമുക്ക് എങ്ങനെയാണ് ആർഭാടമായി പണം ചിലവഴിക്കാനാകുക. ആർദ്രതയും അലിവും ഉള്ള ഹൃദയത്തിനുടമകളാകാൻ നമുക്ക് പരിശ്രമിക്കാം. സമർപ്പിതഭവനങ്ങളും ഇടവകകളും സ്ഥാപനങ്ങളും കുടുംബങ്ങളും ഇതിനു നേതൃത്വം നൽകണം.

വിഭാഗീതയുടെ മതിൽക്കെട്ടുകൾ ദൂരേയ്ക്കു വലിച്ചെറിയാനുള്ള സമയമാണിത്. വിദ്വേഷത്തിന്റെ കനലുകളെയും അക്രമത്തിന്റെ ശീലു കളെയും ശാന്തിമന്ത്രങ്ങൾകൊണ്ട് കീഴടക്കാം. അപ്പോൾ സ്വർഗ്ഗീയ സൈന്യത്തിന്റെ വ്യൂഹം ബേത്ലഹേമിലെ അതേ ഗാനം ആലപിക്കും. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!"

രക്ഷകന്റെ ജനനത്തിൽ പ്രകൃതിക്കുള്ള സ്ഥാനം ധ്യാനിക്കാൻ കൂടെ ഈ ക്രിസ്തുമസ് രാവിൽ നമുക്ക് സാധിക്കണം. രക്ഷകന്റെ ജനനത്തെ അറിയിക്കാനും ബെത്ലഹേമിലേക്കുള്ള വഴി കാണിക്കാനും കിഴക്കുകണ്ട നക്ഷത്രവും ആട്ടിടയന്മാർക്കു ആകാശത്തു പ്രത്യക്ഷപ്പെടുന്ന വെളിച്ചവും ഉണ്ണിയേശു കിടക്കുന്ന പുൽതൊട്ടിലും കാലിത്തൊഴുത്തിൽ മറിയത്തിനും ഉണ്ണിക്കും ഇടംകൊടുത്ത നാല്ക്കാലികളും രക്ഷകനായ ക്രിസ്തുവിന്റെ ജന്മത്തിൽ സ്ഥാനം കിട്ടിയവരാണ്. ഒറ്റവാക്കാൽ തങ്ങളെ സൃഷ്ടിച്ച ദൈവത്തിന്റെ പുത്രന് ജനിക്കാൻ തങ്ങളുടേതായ സഹായങ്ങൾ ചെയ്തു ശാന്തമായി നിലകൊള്ളുന്ന പ്രകൃതി. മനുഷ്യരേക്കാൾ വേഗത്തിൽ പ്രകൃതി ചില കാര്യങ്ങളെ തിരിച്ചറിയുന്നുണ്ടെന്ന് ശാസ്ത്രം. പ്രകൃതിയെ

ഈശ്വരനു തുല്യം കരുതി ബഹുമാനിക്കുന്ന മനുഷ്യർ ഒത്തിരി വസിക്കുന്ന ഒരു നാട്ടിൽ ഇന്ന് ഏറെ ചൂഷണം ചെയ്യപ്പെടുന്നതും പ്രകൃതിതന്നെ. എന്റെ സ്വാർത്ഥതയ്ക്കുവേണ്ടി ഞാൻ പലതിനെയും ഉപയോഗപ്പെടുത്തുന്നതുപോലെ പ്രകൃതിയോടും ചെയ്യുന്നു എന്നുള്ളതാണ് ഇന്നിന്റെ ദു:സ്ഥിതി. പ്രകൃതിയിലേക്കു മടങ്ങണം എന്ന് ആഹ്വാനം ചെയ്യുന്നതോടൊപ്പം തന്നെ പ്രകൃതിയെ സ്വന്തമായി കരുതി സ്നേഹിക്കാൻ നമുക്ക് കടമയുണ്ടെന്ന് കൂടെ ഓർമ്മപ്പെടുത്തുന്നു. വൃക്ഷതൈകൾ ധാരാളം വച്ചുപിടിപ്പിച്ച് പ്രകൃതിയെ സംരക്ഷിക്കാൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം. തരംതിരിച്ച് മാലിന്യം സംഭരിക്കാനും സംസ്ക്കരിക്കുവാനും സംവിധാനങ്ങൾ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും രൂപപ്പെടുത്തുക. ഒരിക്കലും മണ്ണിൽ ലയിക്കാത്ത പ്ലാസ്റ്റിക്ക് വസ്തുക്കളുടെ പ്രത്യേകിച്ച് ഫ്ളക്സ് മുതലായവയുടെ ഉപയോഗം അവസാനിപ്പിക്കുക.

രക്ഷകൻ പിറന്നുവീഴുന്നത് കുടുംബത്തിന്റെ അന്തരീക്ഷത്തിലാണെന്നുള്ളത് കുടുംബങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നമ്മുടെ കുടുംബങ്ങൾ തിരുക്കുടുംബങ്ങളായി മാറുന്നില്ല എന്ന വേദന മനസിനെ വല്ലാതെ പൊള്ളിക്കുന്നുണ്ട്. സമ്പത്താണ് പ്രധാനപ്പെട്ടതെന്ന് ചിന്തിക്കുന്ന ആധുനികലോകത്തിന് പരമദരിദ്രരായ, സത്രത്തിൽപോലും ഇടം ലഭിക്കാത്ത, ദമ്പതികൾ വെല്ലുവിളിയാകുന്നു. സമ്പത്തല്ല സമാധാനമാണ് നമ്മുടെ കുടുംബങ്ങൾക്ക് ആവശ്യം. സമാധാനം നഷ്ടപ്പെടുത്തുന്ന എല്ലാറ്റിൽനിന്നും ഒഴിഞ്ഞുനില്ക്കണമെന്ന് കൂടെ ഈ ക്രിസ്തുമസ് നാളിൽ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ. ദൈവഹിതത്തോട് അതേ എന്ന് ഉത്തരം പറയാൻ കഴിയുന്നവരും എത്ര പ്രതികൂലമായ സാഹചര്യങ്ങളിലും ദൈവത്തോട് ആലോചന ചോദിക്കാനുള്ള മനസുള്ളവരും പരാതിയും പരിഭവവുമില്ലാതെ ലളിതമായി ജീവിക്കാൻ കഴിയുന്ന മന:സ്ഥിതിയുള്ളവരുമായി നമ്മുടെ മാതാപിതാക്കളും ക്രിസ്തുവിനെപ്പോലെ ദർശിക്കുന്നവർക്കൊക്കെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും രക്ഷ പങ്കുവയ്ക്കുന്ന മക്കളും നമ്മുടെ ക്രൈസ്തവകുടുംബങ്ങളിൽ ഉണ്ടാകട്ടെ. കുടുംബകൂട്ടായ്മവർഷത്തിന്റെ മൂല്യങ്ങളും പുതുചൈതന്യവും കൈമോശം വരാതിരിക്കാനും പുതിയ വർഷത്തിൽ കൂടുതൽ തീക്ഷണതയോടെ മുന്നേറാനും ആവശ്യമായ തീരുമാനങ്ങളെടുക്കുന്ന വിധത്തിലായിരിക്കണം ഈ വർഷാചരണം സമാപിക്കേണ്ടത്.

പുതുവർഷത്തിലേയ്ക്കുള്ള ഏറ്റവും അടുത്ത പ്രയാണത്തിലാണ് നാം. ഇലകൾ പൊഴിയുന്നത് പുതിയതിന് അവസരം കൊടുക്കാനാ

ണെന്ന അവബോധം നമുക്കുണ്ടാകണം. ഇന്നലെകളിൽനിന്ന് പാഠമുൾക്കൊണ്ട് നാളെയെ മെനയുമ്പോഴാണ് അറിവുകളെ തിരിച്ചറിവുകളാക്കിയെന്ന് നമുക്ക് അഭിമാനിക്കാനാവുക. കഴിഞ്ഞുപോയ കാലത്തിന്റെ അപസ്വരങ്ങളെയും അവതാളങ്ങളെയും തിരിച്ചറിഞ്ഞ് അവയെ തിരുത്തിമുന്നേറുക. പുത്തൻ കാഴ്ചപ്പാടുകളും വിശ്വാസങ്ങളും ചിന്തകളും സ്വപ്നങ്ങളുമെല്ലാം രൂപപ്പെടുത്തേണ്ട കാലമാണിനി മുമ്പിൽ. യുവജനങ്ങൾക്ക് പ്രാധാന്യം നൽകി അവരെ ശക്തിപ്പെടുത്തുവാൻ 2012 നാം പ്രത്യേകം മാറ്റിവെക്കുന്നു. യുവജനവർഷം ഏപ്രിലിൽ ആരംഭിക്കുവാൻ ഉതകുന്ന വിധത്തിൽ ആവശ്യമായ പദ്ധതികൾ തയ്യാറാക്കുവാൻ ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുമസിന്റെ സമാധാനവും പുതുവർഷത്തിന്റെ സന്തോഷവും ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.



ഇരിങ്ങാലക്കുട
24. 11. 2011

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ ഇടയലേഖനം ഡിസംബർ 18-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



ആഗതമാകുന്ന തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും മംഗളങ്ങളും അനുഗ്രഹവും സ്നേഹപൂർവ്വം നേരുന്നു.

– എഡിറ്റോറിയൽ ബോർഡ്

1309/11
23. 11. 11

## സർക്കുലർ

### ദീപിക ശതോത്തര രജതജൂബിലി

കേരള സമൂഹത്തിന്റെയും ക്രൈസ്തവ സമുദായത്തിന്റെയും നേർകണ്ണാടിയും വഴികാട്ടിയുമായി വർത്തിച്ച ദീപിക ദിനപത്രം ഈ വർഷം ശതോത്തര രജതജൂബിലി ആഘോഷിക്കുകയാണ്. ധാർമിക മൂല്യങ്ങളിൽനിന്ന് തെല്ലിടമാറാതെ ഇപ്രകാരം ജ്വലിക്കാനുള്ള വ്യക്തമായ ലക്ഷ്യവും ശക്തമായ അടിത്തറയും പ്രഥമ മുഖ്യപത്രാധിപരായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ ദീപികയ്ക്ക് കൈമാറി. ശബ്ദമില്ലാത്തവരുടെ ശബ്ദമായും സത്യത്തിന്റെ നാവായും കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ടു ജനപക്ഷത്തു നിലകൊണ്ട ചരിത്രമാണ് ദീപികയുടേത്. ഇക്കാലയളവിൽ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ നിർണായക ഇടപെടലുകളിലൂടെ പത്രപ്രവർത്തനത്തിന്റെ സാമൂഹ്യപ്രതിബദ്ധത അക്ഷരാർത്ഥത്തിൽ ദീപിക നിറവേറ്റിയെന്നതിനു ചരിത്രം സാക്ഷിയാണ്.

കത്തോലിക്കാസഭയുടെ പൂർണ്ണനിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലും പ്രവർത്തിക്കുന്ന ഏക ദിനപത്രമാണ് ദീപിക. ന്യൂനപക്ഷാവകാശങ്ങൾ ലംഘിക്കപ്പെടുകയും ഭരണഘടന അനുവദിക്കുന്ന സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും ചെയ്ത അവസരങ്ങളിൽ പ്രവാചക ശബ്ദമായി ജനഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങി സമൂഹത്തിനു വ്യക്തമായ ദിശാബോധം നൽകാൻ ദീപിക ബദ്ധശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ദീപികയുടെ വളർച്ചയിൽ തൃശൂരിന്റെ പങ്കും സംഭാവനയും വളരെ വലുതാണ്. ദീപികയുടെ രണ്ടാം എഡിഷൻ പിറന്നുവീണത് നമ്മുടെ ഈ സാംസ്കാരിക നഗരിയിലാണ്. മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ സവിശേഷ താല്പര്യംകൊണ്ടാണ് 1987-ൽ തൃശ്ശൂരിൽനിന്നും ദീപിക പ്രസിദ്ധീകരിക്കാൻ ഇടയായത്.

ദീപികയുടെ ശതോത്തര ജൂബിലി ആഘോഷം 2012 ഏപ്രിൽ 15-ന് തൃശ്ശൂരിൽ സംഘടിപ്പിക്കപ്പെടുന്നു. തൃശ്ശൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഇത് നടത്തപ്പെടുമ്പോൾ നമ്മുടെ ഹൃദയംനിറഞ്ഞ സഹകരണം ഉണ്ടാകണം. സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ചെയർമാനും നമ്മുടെ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അംഗവുമായ അപ്പെക്സ് ബോഡിയാണ് ഇപ്പോൾ

ദീപികയെ നയിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ ജൂബിലിപരിപാടികൾ വിജയിപ്പിക്കേണ്ടത് നമ്മുടെ അവകാശവും കടമയുമാണ്. ജൂബിലി ആഘോഷ പരിപാടികളുടെ നടത്തിപ്പിന് ആവശ്യമായ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി ഓരോ ഇടവകയിൽനിന്നും സഭാസ്നേഹവും പ്രവർത്തനമികവും സന്മനസ്സുമുള്ള മൂന്നുപേരെ തെരഞ്ഞെടുത്ത് ഫൊറോനതല ആലോചനായോഗത്തിലേക്ക് വികാരിയച്ചന്മാർ അയയ്ക്കണം. ഈ പ്രതിനിധികളുടെ യോഗം ഫൊറോനതലത്തിൽ ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ ചേർന്ന് ജൂബിലി ആഘോഷകമ്മിറ്റിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കണം. ഈ പ്രവർത്തനങ്ങൾക്ക് ദീപിക ഇരിങ്ങാലക്കുട രൂപത കോ-ഓർഡിനേറ്റർ വെരി. റവ. ഫാ. ജോസ് പന്തല്ലൂക്കാരന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ദീപികയ്ക്ക് നിങ്ങൾ നൽകിവരുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ഹൃദയപൂർവ്വകമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹവും പ്രാർത്ഥനാശംസകളും നേർന്നുകൊണ്ടും



**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

---



## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. അബ്രാഹം വടാശ്ശേരി | 05-12-1983 |
| റവ. ഫാ. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളി | 27-12-1984 |
| മോൺ. സഖറിയാസ് വാഴപ്പിള്ളി | 01-12-1989 |
| റവ. ഫാ. ആന്റണി അക്കരക്കാരൻ | 27-12-1996 |
| റവ. ഫാ. മാത്യു തൈപ്പറമ്പിൽ | 30-12-1999 |
| റവ. ഫാ. പോളി താക്കോൽക്കാരൻ | 23-12-2001 |

1275/11
11. 11. 11

# സർക്കുലർ

## ബൈബിൾ കൺവെൻഷൻ

സ്നേഹ ബഹു. വികാരിയച്ചാ,

നമ്മുടെ രൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 8-ാമത് ബൈബിൾ കൺവെൻഷൻ **ബെത്‌ലേഹം 2011** ഡിസംബർ 2, 3, 4 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്നു. 'കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' (അപ്പ. 16:31) എന്ന തിരുവചനം സന്ദേശമായി സ്വീകരിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന ഈ ബൈബിൾ കൺവെൻഷനിൽ നമ്മുടെ ഇടവകകളിലെ മുഴുവൻ വിശ്വാസികളെയും പങ്കെടുപ്പിക്കുമല്ലോ.

പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായ ദൈവവചനംകൊണ്ട് കുടുംബം വിശുദ്ധീകരിക്കാൻ, ലോകത്തിന്റെ പ്രകാശമായ മിശിഹായെ കുടുംബത്തിൽ സ്വീകരിക്കാൻ, ബെത്‌ലഹേമിൽ ഉദിച്ച നക്ഷത്രത്തെപ്പോലെ നന്മയുടെ നക്ഷത്ര ദീപങ്ങളാകാൻ ഈ കൺവെൻഷൻ ഏവർക്കും സഹായകമാകട്ടെ. കുടുംബവിശുദ്ധീകരണത്തിന് ഒരുക്കമായി രൂപതയിൽ നടക്കുന്ന കരിസ്മാറ്റിക് ബൈബിൾ കൺവെൻഷന്റെ വിശദവിവരങ്ങൾ നവംബർ 27-ാം തിയ്യതി ഞായറാഴ്ച ദിവ്യബലിമധ്യേ ഇടവകജനത്തെ അറിയിക്കുമല്ലോ. ഈ കൺവെൻഷനിൽ പങ്കെടുത്ത് പരിശുദ്ധാത്മാവിനാൽ നിറയാൻ എല്ലാ വിശ്വാസികൾക്കും ഇടവരട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശുവിൽ സ്നേഹപൂർവ്വം.



**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# മേജർ ആർച്ച്ബിഷപ്പിന്റെ സർക്കുലർ

## മിഷൻ ഫണ്ട്

സീറോമലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

"ഭൂമിയുടെ അതിർത്തികൾവരെ മിശിഹായ്ക്ക് സാക്ഷികളാകാൻ (നട. 1,8) പ്രതിജ്ഞാബദ്ധയായ സീറോമലബാർ സഭ, 29 രൂപതകളിലായി ഭാരതത്തിനകത്തും പുറത്തും ദൈവരാജ്യസംസ്ഥാപനത്തിനായി കർമ്മനിരതയാണ്. മാർതോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണം വഴിയായി കേരളമണ്ണിൽ ആഴ്ന്നിറങ്ങിയ സീറോമലബാർ സഭ ഇന്ന് ഭാരതം മുഴുവനിലും ആസ്ടേലിയായിലും, അമേരിക്കയിലും, ആഫ്രിക്കയിലും, ഏഷ്യയിലേയും യൂറോപ്പിലേയും വിവിധ രാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഭാരതത്തിൽ സീറോമലബാർ സഭയുടെ അധികാരപരിധിക്കുവെളിയിൽ ഛാന്ദാ, ഉജ്ജയിൻ, സത്ന, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പൂർ, ജഗദൽപൂർ, അദിലാബാദ്, സാഗർ, കല്യാൺ തുടങ്ങി പത്ത് മിഷൻ രൂപതകളുള്ള കാര്യം സഭാമക്കൾ ഏവർക്കും അറിവുള്ളതാണല്ലോ. ഭാരതത്തിലെ മിഷൻരൂപതകളെ പ്രാർത്ഥനവഴിയായും സാമ്പത്തികമായും സഹായിക്കുകയെന്നത്, മാർതോമ്മാശ്ലീഹായുടെ വിശ്വാസപാരമ്പര്യത്തിൽ ജീവിക്കുന്ന ഓരോ സീറോമലബാർ വിശ്വാസിയുടെയും അടിസ്ഥാനപരമായ ജീവിതദൗത്യമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി നമ്മുടെ മിഷൻ പ്രദേശങ്ങളെ സാമ്പത്തികമായും പ്രാർത്ഥനവഴിയായും സഹായിക്കാനാഗ്രഹിക്കുന്നവരുടെ ഒരു അസോസിയേഷൻ സീറോമലബാർ സിനഡ് രൂപകല്പന ചെയ്തിരിക്കുന്നു. (Association of Supporters of Syro Malabar Mission - A.S.S.M.) തദ്വാരാ, സീറോമലബാർ സഭയിലെ എല്ലാ കുടുംബങ്ങളേയും (9 ലക്ഷം കുടുംബങ്ങൾ) മാതൃസഭയുമായി നിരന്തരസമ്പർക്കത്തിലും സഹവർത്തിത്വത്തിലും നയിക്കാമെന്ന് പ്രത്യാശിക്കുന്നു.

സീറോമലബാർ സഭാംഗങ്ങളുടെ മനസ്സിലും ഹൃദയത്തിലും പ്രേഷിതാവബോധം സൃഷ്ടിക്കുകയെന്നത് ഈ അസോസിയേഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ വിശദമാക്കുന്ന ന്യൂസ് ബുള്ളറ്റിൻ ഓരോവർഷവും

മൂന്ന് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കാൻ ഈ അസോസിയേഷൻ പരിശ്രമിക്കുന്നു. മിഷൻ പ്രവർത്തനങ്ങളിൽ ഓരോ കുടുംബത്തിനും ആത്മികമായും സാമ്പത്തികമായും പങ്കുപറ്റാനുള്ള അവസരം ഈ അസോസിയേഷൻ മുമ്പോട്ട് വയ്ക്കുന്നു. നമ്മുടെ സഭയിലെ എല്ലാ കുടുംബങ്ങളും വൈദികരും, സന്യാസഭവനങ്ങളും സ്ഥാപനങ്ങളും ഈ കാര്യത്തിൽ സഹകരിക്കുമല്ലോ. ഈ അസോസിയേഷന്റെ ലക്ഷ്യപ്രാപ്തിക്കായി ഒരു വർഷം ഒരു കുടുംബം 200 രൂപ വീതവും സന്യാസ ഭവനങ്ങളും സ്ഥാപനങ്ങളും 500 രൂപ വീതവും സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനായി രാജ്ക്കോട്ടിന്റെ മുൻ മെത്രാനും ദീർഘകാലം പ്രവാസികളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിയിരുന്ന കമ്മീഷന്റെ ചെയർമാനുമായിരുന്ന മാർ ഗ്രിഗരി കരോട്ടെമ്പ്രേൽ പിതാവിനെ സീറോമലബാർ സിനഡിന്റെ സമ്മതത്തോടെ ഞാൻ നിയമിക്കുന്നു. ഈ അസോസിയേഷന്റെ കാര്യക്ഷമമായ പ്രവർ ത്തനങ്ങൾക്കുവേണ്ടി ഓരോ രൂപതയിൽനിന്നും ഒരു അൽമായ പ്രതിനിധി ഉണ്ടാവും. അല്മായ പ്രതിനിധികളടങ്ങിയ ഭരണസംവിധാനമാവും ഈ അസോസിയേഷനുവേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുക. പ്രേഷിതപ്രവർത്തനങ്ങൾക്കായി സ്വീകരിച്ച ഫണ്ടിന്റേയും അത് വിതരണം ചെയ്ത വിവിധ മേഖലകളുടേയും വിവരങ്ങൾ പ്രതിപാദിക്കുന്ന വിശദമായ റിപ്പോർട്ട് ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രിയ സഹോദരരേ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിശ്വാസസമൂഹങ്ങളെ ഉദാരമായി സഹായിക്കുകയെന്നത് ആദിമക്രൈസ്തവസമൂഹം മുതൽ അനുഷ്ഠിച്ചുവരുന്ന ഒരു വിശുദ്ധ പാരമ്പര്യമാണ്. ജറുസലെമിലുള്ള നിർദ്ധനരായ ക്രൈസ്തവരെ സഹായിക്കാൻ മക്കദോനിയായിലും അക്കായിയായിലും ഉള്ളവർ സന്മനസ്സ് കാണിച്ചതിനെ വി. പൗലോസ്ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട് (റോമാ 15, 26). “സഭ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്” (1 കോറി 12, 27) എന്ന വിശുദ്ധ പൗലോസിന്റെ സഭാത്മക ദർശനം എത്രയോ ശ്രേഷ്ഠമാണ്! ശരീരത്തിലെ ഏതെങ്കിലും ഒരവയവം വേദനിക്കുമ്പോഴും ദുർബലമാകുമ്പോഴും അത് ശരീരത്തിന്റെ മുഴുവൻ അനാരോഗ്യത്തെയാണ് വിളിച്ചുപറയുന്നത്. അതുകൊണ്ട് കരയുന്നവരുടെ കണ്ണീരൊപ്പാനും ദുർബലന് കൈത്താങ്ങാകാനും വേദനിക്കുന്നവന് സാന്ത്വനമാകാനും ഉതകുന്ന ഒരു സഭാത്മക ആത്മീയത നമുക്ക് കെട്ടിപ്പടുക്കാം. പാവങ്ങളോട് പ്രത്യേക പക്ഷം പ്രകടിപ്പിക്കാനുമുള്ള (Preferential Love for the poor) സഭയുടെ നിരന്തരമായ ഉൾവിളിയുടെ ബാഹ്യാവിഷ്ക്കാര

മാണ് ഈ അസോസിയേഷൻ. എന്തുചെയ്താലും പാവങ്ങളെക്കുറിച്ച് ചിന്ത വേണമെന്ന വി. പൗലോസിന്റെ തീവ്രമായ ആഗ്രഹത്തിന് (ഗലാ. 2,10) ജീവിതംകൊണ്ട് മറുപടികൊടുക്കാൻ സീറോമലബാർ സഭാംഗങ്ങൾക്കാകട്ടെ. അതുവഴി, 'ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ പാവങ്ങളുടെയും, പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽക്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെ കൂടിയാണെന്ന്" (GS. 1) ലോകം മനസ്സിലാക്കട്ടെ.

എന്ന്, മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

## സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന പ്രസ്താവന

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം നിലവിൽ വന്നിട്ട് രണ്ട് പതിറ്റാണ്ടിലേറെയായി എന്നാണ് മനസ്സിലാക്കുന്നത്. സഭയിൽ സജീവമായ നവീകരണപ്രസ്ഥാനങ്ങളിൽ ഒന്നായിട്ടാണ് ഇത് വിലയിരുത്തപ്പെട്ടിരിക്കുന്നത്. പരി. കുർബ്ബാനയോടുള്ള ഭക്തി, പരി. ദൈവമാതാവിനോടുള്ള ഭക്തി എന്നീ കത്തോലിക്കാ വിശ്വാസമൂല്യങ്ങളെ പ്രചരിപ്പിക്കാനും പഠിപ്പിക്കാനും ഈ പ്രസ്ഥാനം ശ്രദ്ധ നൽകുന്നതായി ആരംഭം മുതലേ പലരും തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ സ്വാഗതാർഹമായ സമീപനമായിരുന്നു സഭ ഈ നവീകരണവിഭാഗത്തോട് ആരംഭത്തിൽ പുലർത്തിയിരുന്നത്. എന്നാൽ കാലാന്തരത്തിൽ കത്തോലിക്കാസഭയുടെ സത്യവിശ്വാസം സംബന്ധിച്ച പ്രബോധനങ്ങളിൽ ചിലതെങ്കിലും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം നിരാകരിക്കുന്നതായി സഭാ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. മരണാനന്തരജീവിതം, തനതുവിധി, ശുദ്ധീകരണസ്ഥലം, നരകം, നിത്യരക്ഷ തുടങ്ങിയ വിശ്വാസവിഷയങ്ങളെക്കുറിച്ച് സ്പിരിറ്റ് ഇൻ ജീസസ് നൽകുന്ന പ്രബോധനങ്ങൾ കത്തോലിക്കാ വിശ്വാസവുമായി ചേർന്നുപോവുന്നതല്ല എന്ന് വിശദമായ പഠനത്തിലൂടെ സഭാ നേതൃത്വത്തിനു ബോധ്യപ്പെട്ടു. ഇതേതുടർന്ന്, വിശ്വാസഭ്രംശങ്ങളെ എന്നും ശക്തമായി നേരിടുന്ന സഭാ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ സ്പിരിറ്റ് ഇൻ ജീസസിന്റെ സജീവ പ്രവർത്തകരോട് പല രൂപതാ കോടതികളും വിശദീകരണം ചോദിക്കുകയും സത്യവിശ്വാസം അംഗീകരിക്കുന്നില്ല എന്നു ബോധ്യമായവരുടെ മേൽ സഭാ നിയമം അനുശാസിക്കുന്ന

താത്ക്കാലിക ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുക, ഇതരവിശ്വാസികൾക്കിടയിൽ ഉതപ്പിന് കാരണമാകാതിരിക്കുക, സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർക്ക് ആത്മപരിശോധനയ്ക്ക് അവസരം നൽകുക തുടങ്ങിയ വ്യക്തമായ ലക്ഷ്യത്തോടെയാണ് ഇത്തരം ശിക്ഷണം സഭ സ്വീകരിച്ചത്. തെറ്റു തിരുത്തി സത്യവിശ്വാസം ഏറ്റു പറയുന്ന സകലരേയും പൂർണ്ണമനസ്സോടെ സ്വീകരിക്കുവാൻ സഭാമാതാവ് സദാ സന്നദ്ധയാണ്.

സഭാഗാത്രത്തിലെ ഒരംഗംപോലും നഷ്ടമാകാതിരിക്കാൻ സഭാമാതാവ് എന്നും ആഗ്രഹിക്കുന്നുണ്ട്. സത്യവിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടി സഭ പല തലങ്ങളിലും പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവർത്തനങ്ങളും നടത്തിയിരുന്നു. സഭാഗാത്രത്തിലെ ഒരംഗം നഷ്ടമാകുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന അപ്പസ്തോലദർശനമാണ് സഭയുടെ നിത്യമായ പ്രേരണയും പ്രചോദനവും. സഭാംഗങ്ങളുടെ പ്രാർത്ഥനയുടെയും സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകരുടെ തുറന്ന മനോഭാവത്തിന്റെയും ഫലമായി കൂട്ടായ്മയുടെ വാതിൽ തുറക്കപ്പെടുന്നതിനുള്ള സാഹചര്യം രൂപംകൊള്ളുന്നത് സ്വാഗതാർഹമാണ്.

സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷനുമായി നടത്തിയ ചർച്ചകളിൽ സഭാപ്രബോധനത്തിനു വിരുദ്ധമായ പഠനങ്ങൾ ഉപേക്ഷിക്കാനും കത്തോലിക്കാസഭയുടെ സത്യവിശ്വാസം മുറുകെപിടിച്ച് മുന്നേറുവാനുമുള്ള സന്നദ്ധത സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന്റെ നേതാക്കൾ വ്യക്തമാക്കുകയുണ്ടായി. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കൂട്ടായ്മയുടെ അനുഗ്രഹം സഭയുടെമേൽ വർഷിക്കപ്പെടുന്നതിന്റെ അടയാളമായി ഇതിനെ നമുക്ക് മനസ്സിലാക്കാം. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം സഭാപ്രബോധനത്തിന് അനുസൃതമായി നാൾ ഇതുവരെ ചെയ്തിട്ടുള്ള എല്ലാ നല്ല കാര്യങ്ങളെയും സഭ ബഹുമാനിക്കുന്നു.

എന്നാൽ വിശ്വാസികളുടെ ഇടയിൽ തെറ്റിദ്ധാരണയ്ക്കിടനൽകിയിട്ടുള്ള ചില പഠനങ്ങളെ സംബന്ധിച്ച്, അവയിൽ പലതും സഭാപ്രബോധനത്തിന്റെ നിഷേധമായി സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ ബോധപൂർവ്വം നടത്തിയതല്ലെങ്കിൽ പോലും, സഭയുടെ നിലപാട് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

1. ലിഖിതവചനമായ വിശുദ്ധ ഗ്രന്ഥവും അലിഖിത വെളിപാടായ സഭയുടെ വിശുദ്ധ പാരമ്പര്യവും കുറവില്ലാതെയും തെറ്റുകൂടാതെയും

വ്യഖ്യാനിക്കാനുള്ള അധികാരം ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. തന്മൂലം വിശുദ്ധഗ്രന്ഥവും പാരമ്പര്യവും വ്യാഖ്യാനിക്കുന്നവർ സഭാപ്രബോധനങ്ങൾക്കനുസൃതമായി അവയെ വ്യാഖ്യാനിക്കേണ്ടതാണ്.

2. മരിച്ചവരുടെ ആത്മാക്കൾ (പരേതാത്മാക്കൾ) ജീവിച്ചിരിക്കുന്നവരെ ബാധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു എന്ന ചിന്ത വിശുദ്ധ ഗ്രന്ഥത്തിനും സഭാ പാരമ്പര്യത്തിനും പഠനത്തിനും വിരുദ്ധമാണ്. എന്നാൽ സ്വർഗ്ഗസ്ഥരായ വിശുദ്ധാത്മാക്കൾ ദൈവഹിതാനുസൃതം ഭൂമിയിൽ പ്രത്യക്ഷപ്പെടാനുള്ള സാധ്യത സഭ അംഗീകരിക്കുന്നു.

3. മരണസമയത്തു നടക്കുന്ന തനതുവിധിയിലൂടെ മനുഷ്യവ്യക്തിയുടെ നിത്യമായ അവസ്ഥ നിർണ്ണയിക്കപ്പെടുന്നു. സ്വർഗ്ഗം, നരകം എന്ന രണ്ടു നിത്യമായ അന്ത്യങ്ങളാണ് മനുഷ്യനുള്ളത്. ലഘു പാപങ്ങളോടെ മരിക്കുന്നവർക്ക് മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെയുള്ള കാലയളവിൽ ശുദ്ധീകരണത്തിനായി ശുദ്ധീകരണസ്ഥലമുണ്ടെന്നും ശുദ്ധീകരണത്തിനുശേഷം എല്ലാ ശുദ്ധീകരാത്മാക്കളും സ്വർഗ്ഗത്തിലെത്തുമെന്നും പരിശുദ്ധ സഭ പഠിപ്പിക്കുന്നു.

4. സഭയിൽ മരിച്ചവർക്കുവേണ്ടി നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകൾ നിത്യനരകത്തിൽപ്പെട്ടവരുടെ മാനസാന്തരമോ, രക്ഷയോ ലക്ഷ്യമാക്കിയിട്ടുള്ളതല്ല. എന്നാൽ, ഒരു വ്യക്തിയും നരകത്തിൽപോയതായി സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ പരേതരായ ഏതൊരു വിശ്വാസിക്കുവേണ്ടിയും പ്രാർത്ഥിക്കാൻ സഭാംഗങ്ങൾക്ക് അവകാശവും ഉത്തരവാദിത്വവും ഉണ്ട്.

5. നരകം നിത്യമാണെന്നും നരകത്തിൽ അകപ്പെട്ട ആത്മാക്കൾക്ക് ഒരു നാളും രക്ഷ സാധ്യമല്ലെന്നും സഭ പഠിപ്പിക്കുന്നു. തന്മൂലം നരകവാസികളുടെ മോചനത്തിനും രക്ഷയ്ക്കും എന്ന പേരിൽ നടത്തുന്ന എല്ലാ വിധ ശുശ്രൂഷകളും സഭാപ്രബോധനത്തിനു വിരുദ്ധമാണ്.

6. ശ്ലൈഹികമായ സഭ അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിൻമേൽ സഭയിലെ ആത്മീയ ശുശ്രൂഷകളെല്ലാം സഭയുടെ ശ്ലൈഹിക അധികാരത്തോടു ചേർന്നാണ് നിർവ്വഹിക്കേണ്ടത്. തന്മൂലം അപ്പസ്തോലന്മാരുടെ പിൻഗാമിയായ രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെയും രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന സ്ഥലത്തുമാണ് സഭയുടെ ആത്മീയ ശുശ്രൂഷകൾ നടത്തുന്നത്. സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ അതാത് രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടും ആശീർവ്വാദത്തോടും കൂടി കൂടുതൽ ക്രിയാത്മകമായ ശുശ്രൂഷ നിർവ്വഹിക്കണമെന്ന് സഭ

ആഗ്രഹിക്കുന്നു. രൂപതാദ്ധ്യക്ഷനും രൂപതാദ്ധ്യക്ഷന്റെ പ്രതിനിധിയായ വികാരിയച്ചനും നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് സഭയിലെ എല്ലാ ആത്മീയ ശുശ്രൂഷകളും നടത്തേണ്ടത്.

7. തങ്ങളുടെ രാജകീയ പൗരോഹിത്യത്തിന്റെ വരപ്രസാദത്തിൽ അല്മായർ സഭാഗാത്രത്തിൽ ചെയ്യുന്ന എല്ലാ ശുശ്രൂഷകളേയും ആദരവോടെ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് സഭയ്ക്കുള്ളത്. അല്മായരുടെ നേതൃത്വത്തിൽ നടക്കുന്ന ശുശ്രൂഷകൾ കുറ്റമറ്റതും സഭാപ്രബോധനത്തോട് വിശ്വസ്തത പുലർത്തുന്നതുമാകാൻ അല്മായ നേതൃത്വത്തിലുള്ള പ്രസ്ഥാനങ്ങൾക്ക് ആത്മീയ ഉപദേഷ്ടാക്കളായി വൈദികരെ നൽകുന്ന പാരമ്പര്യമാണ് സഭയ്ക്കുള്ളത്. ഈ പാരമ്പര്യമനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ ഓരോ രൂപതയിലും രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന വൈദികനെ ആത്മീയ പിതാവായി സ്വീകരിക്കണം. പ്രാർത്ഥനാകൂട്ടായ്മകളും പ്രബോധനങ്ങളും ഈ ആത്മീയപിതാവിന്റെ അറിവോടും അനുവാദത്തോടും കൂടി നടത്തണം. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന് സഭയിലുടനീളം അംഗീകാരവും പ്രവർത്തന സ്വാതന്ത്ര്യവും ലഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ നിർദ്ദേശം നൽകുന്നത്.

8. മേൽ നിർദ്ദേശിച്ച കാര്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റിയാൽ ദൈവരാജ്യ ശുശ്രൂഷയ്ക്കായി ദൈവകരങ്ങളിലെ ശക്തമായ ഉപകരണമായി പ്രവർത്തിക്കാൻ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന് സഭയിലെ മറ്റേതൊരു പ്രാർത്ഥനാകൂട്ടായ്മയും ഭക്തസംഘടനയും പോലെ അനുവാദമുണ്ടായിരിക്കുന്നതാണ്.

9. സഭാകോടതികൾ മുഖേന കാനൻനിയമാനുസൃതം നടപടികൾക്കു വിധേയരായിട്ടുള്ള സ്പിരിറ്റ് ഇൻ ജീസസ് കൂട്ടായ്മയിലെ അംഗങ്ങൾക്ക് അവരുടെ അപേക്ഷാനുസൃതം ശിക്ഷണ നടപടികളിൽനിന്ന് അതാതു രൂപതാകോടതികൾ ഇളവു നൽകുന്നതാണ്.

സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നൽകിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടെയും വിശ്വാസ പരിപോഷണത്തിനു കാരണമാകട്ടെയെന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഡോക്ട്രിനൽ കമ്മീഷൻ**
സീറോമലബാർ സഭ

# മതബോധനം

1. **പ്രൈവറ്റ് രജിസ്ട്രേഷൻ**

X, XII ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള രണ്ടാമത്തെ ക്ലാസ്സ് ഡിസംബർ 5-ാം തിയ്യതി രാവിലെ 9 മുതൽ 4 വരെ. ചാലക്കുടി, കൊടകര, കുറ്റിക്കാട്, എന്നീ ഫൊറോനകളിൽ പ്പെട്ട കുട്ടികൾക്ക് ചാലക്കുടി സെന്റ് മേരീസ് എൽ. പി സ്ക്കൂളിൽ വെച്ചും, മറ്റു എല്ലാ ഫൊറോന കളിലുംപെട്ട കുട്ടികൾക്കുള്ള ക്ലാസ്സ് രൂപതാ മതബോധന കേന്ദ്രത്തിൽവെച്ചും നടത്തുന്നതായിരിക്കും.

2. **BLESSING 2011 : Plus Two Students Convention**.

നമ്മുടെ രൂപതയിലെ കുട്ടികളുടെ വിശ്വാസപരിശീലനം ഔദ്യോഗി കമായി 12-ാം ക്ലാസ്സിലെ വേദപാഠത്തോടുകൂടി അവസാനിക്കുകയാ ണല്ലോ. സഭയുടെ വാഗ്ദാനങ്ങളായ ഇവർ പരസ്പരം പരിചയപ്പെ ടാനും വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ച് അവരെ കൂടുതൽ പ്രബുദ്ധരാക്കാനും സഹായിക്കുന്ന രീതിയിൽ ഒരു കൺവെൻഷൻ **BLESSING 2011** ഡിസംബർ 11-ാം തിയ്യതി ഞായറാഴ്ച ഇരിങ്ങാല ക്കുട St. Joseph College ഇൻഡോർ സ്റ്റേഡിയത്തിൽവെച്ച് നടത്തു ന്നു. സമയം 9.30 മുതൽ 4 മണി വരെ. രജിസ്ട്രേഷൻ 9 മണി മുതൽ ആരംഭിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപ.

3. **താലന്ത് മാസിക**

2012-2013 അദ്ധ്യയന വർഷത്തെ മതാദ്ധ്യാപക പരീക്ഷ താലന്തു പു സ്തകത്തിൽ നിന്നായിരിക്കും. പുസ്തകത്തിന് ഓർഡർ ചെയ്യേണ്ട സമയം ഡിസംബർ 1 മുതൽ 24 വരെ ആയിരിക്കും. ഒരു വ്യക്തിക്ക് 40 രൂപ വീതം മതബോധന കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. പേരും അഡ്രസ്സും പിൻകോഡും കൃത്യമായി വിദ്യാജ്യോതിയിൽ നല്കണം.

4. **വാർഷിക പരീക്ഷ**

Std X, XII ലെ വാർഷിക പരീക്ഷ ഈ വർഷം Online Registration ആണ്. അതിന്റെ Pass ward ഉം User name ഉം യൂണിറ്റുകളിൽ എത്തിയിട്ടുണ്ടല്ലോ. അത് പ്രകാരം Online Registration-ന്റെ ഒരു പ്രിന്റ്

കോപ്പിയും ഒരു കുട്ടിക്ക് 20 രൂപ വീതം ഫീസും മതബോധനകേന്ദ്രത്തിൽ നല്കേണ്ടതാണ്. Mentally Challenged ആയ കുട്ടികളുടെ പേരുകൾ Online Registration-ൽ ചേർക്കരുത്. പകരം വിദ്യാജ്യോതിയിൽ പ്രത്യേക Form-ൽ Register ചെയ്യേണ്ടതാണ്.

**5. പുസ്തക മേള**

വിദ്യാജ്യോതി പുസ്തകമേള ഈ വർഷവും നടത്തപ്പെടുന്നു. ഡിസംബർ 7-ാം തിയ്യതി ബുധനാഴ്ച ആരംഭിച്ച് 22-ാം തിയ്യതി വ്യാഴാഴ്ച അവസാനിക്കുന്നു. മതബോധന ലൈബ്രറികൾക്കും സ്ക്കൂൾ ലൈബ്രറികൾക്കും ആകർഷകമായ ഡിസ്ക്കൗണ്ടുകൾ നൽകുന്നതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ബൈബിൾ അപ്പസ്തോലേറ്റ്

**അവാർഡ് ദാനം**

2011 ഡിസംബർ 17 ന് ഉച്ചതിരിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ മാർ പോളി പിതാവിന്റെ അദ്ധ്യക്ഷതയിൽ വിദ്യാജ്യോതിയിൽവെച്ച് ലോഗോസ് ക്വിസ് പരീക്ഷയുടെ അവാർഡ്ദാനം ഉണ്ടായിരിക്കുന്നതാണ്. ഓരോ വിഭാഗത്തിലും 15 റാങ്ക് കരസ്ഥമാക്കിയവർക്കും എ വിഭാഗത്തിൽ 60ന് മുകളിലും, ബി.സി.ഡി.ഇ. വിഭാഗത്തിൽ 70ന് മുകളിലും മാർക്ക് കരസ്ഥമാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും അന്നേ ദിവസം ലഭിക്കുന്നതായിരിക്കും.

സമ്മാനർഹരായ എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരേണ്ടതാണ്. യൂണിറ്റുകൾക്കുള്ള സമ്മാനങ്ങൾ അന്നുതന്നെ കൊണ്ടുപോകാവുന്നതാണ്. ജനുവരി കഴിഞ്ഞാൽ സമ്മാനങ്ങൾ ലഭിക്കുന്നതല്ല. ലോഗോസ് ക്വിസ് പരീക്ഷയുടെ നടത്തിപ്പിന് സഹായിച്ച സഹകരിച്ച ഏവർക്കും നന്ദി. ഇനിയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## സോഷ്യൽ ആക്ഷൻ

1. ഡിസംബർ 5 മുതൽ 9 വരെ കൈപ്പമംഗലത്ത് ടൈലറിംഗിൽ പരിശീലനം MANOS UNIDAS പദ്ധതിപ്രകാരം
2. ഡിസംബർ 12 മുതൽ 15 വരെ വലപ്പാട് വച്ച് പപ്പടനിർമ്മാണത്തിൽ പരിശീലനം MANOS UNIDAS പദ്ധതിപ്രകാരം
3. ഡിസംബർ 24ന് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് കാലാവുധി അവസാനിക്കുന്ന സോഷ്യൽആക്ഷൻ ഫോറം ജനറൽബോഡി (2009-11) അംഗങ്ങളുടെ യാത്രയയപ്പു യോഗം.
4. ഡിസംബർ 9ന് ഉച്ചതിരിഞ്ഞ് 12.30 മുതൽ 2 വരെ ഇരിങ്ങാലക്കുട SN ഹൈസ്ക്കൂളിൽവച്ച് ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർക്കായി 'കൗമാരപ്രശ്നങ്ങളും അവരുടെ വ്യക്തിത്വ വികസനവും' പ്രധാനവിഷയമായി ക്ലാസ്സ്
5. 01. 01. 2012 മുതൽ 31. 12. 2012 വരെ കാലാവധിയുള്ള മെഡിക്ലെയിം ഇൻഷൂറൻസ് പദ്ധതിപ്രകാരം പുതിയവ ചേരുവാനും മുൻവർഷങ്ങളിൽ ചേർന്നവർക്ക് പുതുക്കുവാനും നവംബർ 28 മുതൽ ഡിസംബർ 20 വരെ സോഷ്യൽ ആക്ഷനിൽ സാധ്യമാകും.
6. ഡിസംബർ 7 'Mentally Retardation day' ആചരണം. രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ കൊറ്റനെല്ലൂർ ആശാനിലയത്തിൽ. കുട്ടികൾ പങ്കെടുക്കുന്ന വിവിധ മത്സരങ്ങൾ, രക്ഷാകർത്താക്കൾക്കായി ക്ലാസ്സ്, പൊതുസമ്മേളനം. അഡ്വ. തോമസ് ഉണ്ണിയാടൻ MLA വിശിഷ്ടാതിഥിയായിരിക്കും.
7. ഡിസംബർ 29, 30 തിയ്യതികളിൽ രാവിലെ 10.30 മുതൽ 4 വരെ SAFI & Rajagiri Out Reach വിദ്യാഭ്യാസപദ്ധതിപ്രകാരം SSLC വിദ്യാർത്ഥികൾക്കായി Career Guidance & Motivation Class.
8. ഡിസംബർ 22, 23, 24 എന്നീ തിയ്യതികളിൽ രാവിലെ 10.30-ന് യഥാക്രമം സാൻജോ ITC അഷ്ടമിച്ചിറ, കൊറ്റനെല്ലൂർ ആശാനിലയം, സോഷ്യൽ ആക്ഷൻഫോറം എന്നിവിടങ്ങളിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കം.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

# ബ്ലസ് എ ഹോം
# ഒരു വീടിനെ അനുഗ്രഹിക്കൂ.

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ 66,31000 രൂപ നൽകിയിട്ടുണ്ട്. ഇരിങ്ങാലക്കുട രൂപതയുടെ മിഷൻ സെന്ററായ ചെന്നൈ മിഷനിലേക്ക് ബ്ലസ് എ ഹോമിൽനിന്ന് ഡിസംബർ 18-ാം തിയ്യതി 50 കുടുംബങ്ങൾക്ക് സഹായം നൽകുന്നു. ബ്ലസ് എ ഹോം പദ്ധതിയിൽ 1 ലക്ഷം പേരുടെ സ്പോൺസർഷിപ്പ് സംഘടിപ്പിക്കുന്നു. കൂടുതൽ പേരെ ബ്ലെസ് എ ഹോം പദ്ധതിയിൽ സ്പോൺസർഷിപ്പ് ആയി ഉൾപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട് 100 രൂപയുടെ സംഭാവനകൂപ്പൺ പ്രസിദ്ധീകരിക്കുന്നു. ഇതുവരെ അനേകം നല്ല മനുഷ്യരുടെ പ്രാർത്ഥനയും, ത്യാഗവും, ഔദാര്യവുംകൊണ്ടാണ് ബ്ലസ് എ ഹോം നിലനിന്നുപോകുന്നത്. ഇനിയും ഒത്തിരി പേരുടെ നല്ല മനസ്സുണ്ടെങ്കിൽ കൂടുതൽ കുടുംബങ്ങളെ സഹായിക്കാൻ സാധിക്കും.

ഇടവകയിൽനിന്നും തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് പൈസ വാങ്ങിക്കുവാൻ വികാരിയച്ചന്റെ കത്ത് നിർബന്ധമായതുകൊണ്ട് അതിനുള്ള സൗകര്യാർത്ഥം രൂപതയിൽനിന്ന് വികാരിയച്ചന്റെ സാക്ഷ്യപത്രത്തിന്റെ ഫോം നൽകുന്നു. പൈസ വാങ്ങിക്കാൻ വരുമ്പോൾ പൂരിപ്പിച്ച് കൊടുത്തയക്കുമല്ലോ.

### സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Vicar & Parishioners, St. Peter's Church, Poovathingal | 23,125 |
| 2 | Aleyamma George Pynadath, Irinjalakuda | 6,000 |
| 3 | Rev. Fr. Anto G. Alapatt, USA | 5,000 |
| 4 | Vicar & Parishioners, St.George Church Mothirakanny | 60,000 |
| 5 | Mrs. Theressa Varghese Manjaly Avittathur | 10,000 |
| 6 | Vicar & Parishioners Prasadavaranadha Church Aloor | 25,000 |
| 7 | Vicar & Parishioners, Our Lady of P. Help Church, W. Chalakudy | 30,000 |

| | | |
|---|---|---|
| 8 | Vicar & Parishioners, Little Flower Church Potta | 1,11,111 |
| 9 | Families of Vimala Unit Cathedral, Irinjalakuda | 5,000 |
| 10 | Families of Punneliparambil Family Trust | 10,000 |
| 11 | Alengadan Vessels, Irinjalakuda | 1,00,000 |
| 12 | K. L. Thomas Kooliyadan, Irinjalakuda | 5,000 |
| 13 | Mr. Augustin Vareed Madavana, Aloor | 24,000 |
| 14 | Mrs. Thressia Antony Pazhedathuparambil, Aloor | 7,000 |
| 15 | Members of Franciscan Almaya Sabha Cathedral Unit, Irinjalakuda | 5,000 |
| 16 | Mr. Paulson K. L. Kannukadan, Kottat | 15,000 |
| 17 | Director, Vachanolsavam, Potta | 5,000 |
| 18 | Palathingal Paulose Jose, Kattoor | 5,000 |
| 19 | Daisy Thomas Federal Bank, Thrissur | 12,000 |
| 20 | Thomas Madathany, Kodakara | 5,001 |
| 21 | St. Mary's Church Kattoor Box Collection | 10,160 |
| 22 | Orchid Collection, Irinjalakuda | 20,000 |
| 23 | Jithu Tony Panthalookaran, Kodakara | 25,000 |
| 24 | Vicar & Parishioners, St. Sebastian Forane Church, Kuttikad | 85,000 |
| 25 | Kuthokaran Albert Joseph, Parappukara | 9,000 |
| 26 | Thekkethala Anthony George, Parappukara | 6,000 |
| 27 | Dr. A.G. Peter Alapatt, Parappukara | 12,000 |
| 28 | Mrs. Gracy George Kannukadan, Vellanchira | 6,000 |
| 29 | Mr. Benny D. Kannamkunny, Irinjalakuda | 25,000 |
| 30 | Panthalookaran Lonappan Sons, Kodakara | 10,000 |
| 31 | Dr. Antony Jacob Thekkumpuram, Kattoor | 20,000 |
| 32 | Mr. Paul Kalathingal, Kanakamala | 12,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
മാനേജിംഗ് ട്രസ്റ്റി

# സഭാവാർത്തകൾ

**1 കാത്തലിക് കൗൺസിൽ ഓഫ് ഇൻഡ്യ**

കാത്തലിക് കൗൺസിൽ ഓഫ് ഇൻഡ്യയുടെ 11-ാം ദേശീയ സമ്മേളനം കൊച്ചിയിൽ നവംബർ 24 മുതൽ 27 വരെ തീയതികളിൽ നടന്നു. കലൂർ റിന്യൂവൽ സെന്ററിൽ 24-ന് CBCI പ്രസിഡന്റ് കർദ്ദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. "മെച്ചപ്പെട്ട ഭാരതസൃഷ്ടിയിൽ കത്തോലിക്കാസഭയുടെ പങ്ക്" എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ പ്രമേയം. 2012 ഫെബ്രുവരിയിൽ ബാംഗ്ലൂരിൽ ചേരുന്ന CBCI സമ്മേളനത്തിന്റെയും ചർച്ചാവിഷയം ഇതുതന്നെയാണ്.

**2 50-ാം ദിവ്യകാരുണ്യ കോൺഗ്രസ് അയർലണ്ടിൽ**

അമ്പതാം അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് (Eucharistic Congress) അയർലണ്ടിലാണ് നടത്തപ്പെടുന്നത്. 2012 ജൂൺ 10-17 തീയതികളിൽ ഭംഗിയായി സംഘടിപ്പിക്കുന്നതിനുവേണ്ടി അവിടത്തെ സഭാനേതൃത്വം സമയബന്ധിതമായും കാര്യക്ഷമമായും സജ്ജീകരണങ്ങൾ ചെയ്തുവരികയാണ്.

**3 വത്തിക്കാന്റെ നയതന്ത്രബന്ധം**

സ്വതന്ത്ര പരമാധികാരരാഷ്ട്രമായ വത്തിക്കാന് ഇപ്പോൾ 179 ലോക രാജ്യങ്ങളുമായി പൂർണ്ണമായ നയതന്ത്രബന്ധമുണ്ട്. ഈ രാജ്യങ്ങൾക്കെല്ലാം വത്തിക്കാൻ സ്ഥാനപതികളുമുണ്ട്. പക്ഷേ, വത്തിക്കാനോടൊപ്പം മറ്റൊരു രാജ്യത്തിന്റെ ചുമതലകൂടി ഉള്ളവരായിരിക്കും ഇവരിലേറെയും. ഉദാഹരണത്തിന് സ്വിറ്റ്സർലണ്ടിലെ സ്ഥാനപതിയായ ചിത്ര നാരായണനെയാണ് ഇന്ത്യ വത്തിക്കാൻ സ്ഥാനപതിയായും നിയോഗിച്ചിരിക്കുന്നത്. അതിനാൽ വത്തിക്കാൻ സ്ഥാനപതിമാരിൽ 80 പേർ മാത്രമാണ് വത്തിക്കാനിൽ താമസിക്കുന്നത്.

**4 സിസ്റ്റർ വത്സ ജോൺ - രക്തസാക്ഷി**

ഝാർഖണ്ഡിലെ ആദിവാസികൾക്കിടയിൽ ദീർഘകാലമായി പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന മലയാളി സന്യാസിനിയായ സിസ്റ്റർ വത്സജോൺ (വയസ് 53) നവംബർ 15 ചൊവ്വാഴ്ച രാത്രി അതിദാരുണമായി വധിക്കപ്പെട്ടു. പ്രദേശത്തെ കൽക്കരി മാഫിയയാണ് കൊലപാതകത്തിന് പിന്നിൽ എന്നായിരുന്നു പ്രാഥമിക നിഗമനമെങ്കിലും അതോടൊപ്പം മാവോയിസ്റ്റുകളുടെ ആസൂത്രിത

നീക്കങ്ങളും ഇതിന് പിന്നിലുണ്ടെന്ന് ഏതാണ്ട് വ്യക്തമായിരിക്കയാണ്. എറണാകുളം വാഴക്കാല മലമേൽ വീട്ടിൽ പരേതരായ എം.സി. ജോൺ – ഏലിക്കുട്ടി ദമ്പതികളുടെ മകളായ സിസ്റ്റർ 19 വർഷമായി ഝാർഖണ്ഡിലെ പാക്കൂർ ജില്ലയിൽ ഡുംകയ്ക്ക് സമീപം പച്ച്വാഡ ഗ്രാമത്തിൽ ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകിക്കഴിയുകയായിരുന്നു.

**5 കാരിത്താസ് ഇന്ത്യ – സുവർണ്ണജൂബിലി**

കാരിത്താസ് ഇൻഡ്യ അതിന്റെ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് കൈമാറുന്നത് അനന്തമായ ദൈവസ്നേഹമാണെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി. സുവർണ്ണജൂബിലിയുടെ സംസ്ഥാനതല ആഘോഷങ്ങളോടനുബന്ധിച്ച് എറണാകുളം പാപ്പാളിഹാളിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ ആസൂത്രണ പദ്ധതികളിലൂടെ ദൈവസ്നേഹം മനുഷ്യരിലേക്ക് എത്തിക്കാൻ സഭയ്ക്കും സമൂഹത്തിനും ഈ പ്രസ്ഥാനം നൽകിയിട്ടുള്ള സംഭാവനകൾ ഏറെ വിലപ്പെട്ടതാണെന്ന് അദ്ദേഹം അനുസ്മരിച്ചു. CBCI വൈസ് പ്രസിഡന്റ് ആർച്ചബിഷപ്പ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ അധ്യക്ഷത വഹിച്ചു. കാരിത്താസ് ഇൻഡ്യ ചെയർമാൻ ബിഷപ്പ് ഡോ. പീറ്റർ റെമിജിയൂസ് ജൂബിലി സന്ദേശം നൽകി.

**6 ഡിവൈൻ വിഷൻ ടി.വി. ചാനലിലൂടെ**

ഇക്കഴിഞ്ഞ 25 വർഷമായി പോട്ട–ഡിവൈൻ ധ്യാനകേന്ദ്രം ഏറെ ഫലപ്രദമായ രീതിയിൽ വിവിധ ഭാഷകളിൽ സുവിശേഷപ്രഘോഷണവും അനുബന്ധമായി ആതുരർക്കും അനാഥർക്കുമുള്ള പരസ്നേഹശുശ്രൂഷയും നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ, ഈ ഡിജിറ്റൽ യുഗത്തിൽ ഡിവൈൻ വിഷനിലൂടെ മാധ്യമമേഖലയിലേക്ക് വികസിക്കുകയാണ്. ഡിവൈൻ വിഷൻ പ്രോഗ്രാമുകൾ ഗുഡ്നെസ് ചാനലിലൂടെ വീടുകളിലേയ്ക്ക് എത്തുന്നു. ഈ പ്രോഗ്രാമുകളുടെ സംപ്രേഷണം സമ്പർക്കമാധ്യമദിനമായ നവംബർ 20–ന് മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന പൊതുസമ്മേളനത്തിൽ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ആശീർവ്വദിക്കുകയും ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സ്വിച്ച്ഓൺ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

**7 മിഷൻ സെമിനാർ ധർമ്മാരാമിൽ**

ദൈവത്തെ ആഴത്തിൽ അറിയുകയാണ് മിഷൻ പ്രവർത്തനത്തിന്റെ അന്തഃസത്തയെന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി. സീറോമലബാർ സഭാപ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് ബാംഗളൂർ ധർമ്മാരാം കോളേജിൽ നവംബർ 22-ന് ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യത്യസ്തങ്ങളായ വിധത്തിൽ ദൈവവിശ്വാസം നിലനിൽക്കുന്ന ഇൻഡ്യയിൽ ഓരോരുത്തരുടെയും ദൈവാന്വേഷണത്തിന്റെ പൂർത്തീകരണമാണ് മിഷൻ പ്രവർത്തനംകൊണ്ട് ഉദ്ദേശിക്കുന്നത്. CMI സഭാ പ്രിയോർ ജനറാൾ വെരി. റവ. ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. "സുവിശേഷവത്ക്കരണത്തിനുള്ള അവകാശം" എന്ന വിഷയത്തിൽ ബിഷപ്പ് മാർ ഗ്രിഗരി കരോട്ടെമ്പ്രേൽ പ്രബന്ധം അവതരിപ്പിച്ചു. "മാർതോമാ ക്രിസ്ത്യാനികളും സുവിശേഷവൽക്കരണവും" എന്ന വിഷയത്തിൽ നടത്തപ്പെട്ട ത്രിദിനസെമിനാറിൽ ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി നാനൂറോളം പ്രതിനിധികൾ പങ്കെടുത്തു.

**റവ. ഡോ. ആന്റണി മഞ്ഞളി**



**ആദരാഞ്ജലികൾ**

**സി. അബ്സലോം സി.എം.സി.**

ഇരിങ്ങാലക്കുട അറയ്ക്കൽ കണ്ടംകുളത്തി തറവാട്ടിൽ ലോനപ്പൻ - റോസ ദമ്പതികളുടെ പുത്രിയായി 1937 ഏപ്രിൽ 6-ന് ഭൂജാതയായി. 1959 മെയ് 7-ാം തിയ്യതി ആദ്യവ്രതവും, 1963 മെയ് 7-ാം തിയ്യതി നിത്യവ്രതവും, 2009-ൽ തന്റെ സന്യാസജീവിതത്തിന്റെ സുവർണ്ണജൂബിലിയും ആഘോഷിച്ചു. ഉദയ പ്രൊവിൻസിലെ അംഗമായ സി. അബ്സലോം 2011 നവംബർ 8-ാം തിയ്യതി മരണമടഞ്ഞു. ബഹു. സിസ്റ്ററിന് ദൈവം നിത്യശാന്തിയരുളട്ടെ.

(NB:- നമ്മുടെ രൂപതയിൽ സേവനമനുഷ്ഠിച്ച് മരണംവഴി വേർപിരിയുന്ന സന്യസ്തർക്ക് രൂപതാബുള്ളറ്റിനിൽ 2011 നവംബർ മുതൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കർത്താവിൽ നിദ്രപ്രാപിക്കുന്ന ബഹു. സന്യസ്തരുടെ ഫോട്ടോയും ലഘുചരിത്രവും ബഹു. സുപ്പീരിയേഴ്സ് രൂപതാഭവനത്തിൽ ഏല്പിക്കേണ്ടതാണ്.)

- എഡിറ്റർ

# സംഘടനാവാർത്തകൾ

## അവാർഡ്

**I. 1. Spiritual Renewal Day** :-ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം ഡിസംബർ 1-ന് വ്യാഴാഴ്ച രാവിലെ 9.30 മുതൽ 4 മണി വരെ പരിയാരം C S R വെച്ച് നടത്തുന്നു.

2 ഡിസംബർ 23-ന് അവാർഡ് കുടുംബം ക്രിസ്മസ്സ് ആഘോഷിക്കുന്നു.

### II. Family Development Department

1 **Awareness Prog. :-** ആൽക്കഹോളിസം എന്ന മഹാവിപത്തിനെതിരെ 10 ദിവസത്തെ വിവിധ പരിപാടികൾ മറ്റ് സംഘടനകളുമായി സഹകരിച്ച് പൊതുവേദികളിൽവെച്ച് ദൃശ്യശ്രാവ്യ പരിപാടികളോടെ നടത്തുന്നു.

2. **മൂല്യാവബോധക്ലാസ്സ്:-** കോട്ടയത്തെ MRF Company ജീവനക്കാരുടെ മക്കൾക്ക് വേണ്ടി Sr. Gildas, Sr. Jophy Jees എന്നിവർ 12-ാം തിയ്യതി ക്ലാസ്സ് നയിക്കുന്നു.

3. കുമ്പിടി സ്ക്കൂളിലെ P T A ക്കുവേണ്ടി 'Parenting' എന്ന വിഷയത്തെക്കുറിച്ചും, വിദ്യാർത്ഥികൾക്കായി 'Goal Setting' എന്ന വിഷയത്തെ ആസ്പദമാക്കിയും സെമിനാർ 21-ാം തിയ്യതി Sr. Jophy Jees, Adv. Jisha Manoj, Mrs. Jiby Shaheer എന്നിവർ നയിക്കുന്നു.

### III. Research & Training Dept.

1 **Training Prog. :-** അളഗപ്പ ത്യാഗരാജാർ പോളി ടെക്നിക്ക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ "കൃഷിയും ജലവും" എന്ന വിഷയത്തെ ആസ്പദമാക്കി 2-ാം തിയ്യതി പുലിപ്പാറക്കുന്ന് ആവേ മരിയ T T I -യിൽ വെച്ച് Dr. ബ്രിജിത്ത്, Dr. ലെൻസി എന്നിവർ ക്ലാസ്സ് നയിക്കുന്നു.

### IV. Community Based Rehabilitation Prog.

1. **World Disabled Day Celebration :-** അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം, മറ്റത്തൂർ, വരന്തരപ്പിള്ളി, കൊടകര, ആളൂർ, മേലൂർ,

കൊരട്ടി, കാടുകുറ്റി എന്നീ 10 ഗ്രാമപഞ്ചായത്തുകളിലേയും ചാലക്കുടി നഗരസഭയിലേയും നിവാസികളായിട്ടുള്ളവരിൽ ശാരീരിക, മാനസിക വ്യതിരിക്തത അനുഭവിക്കുന്നവരുടെ സംഗമം ലോകവികലാംഗദിനത്തിൽ നടത്തുന്നു.

2 **Special Aids & Appliances Distribution :-** വികലാംഗ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന SARGA അംഗങ്ങൾക്ക് ബഹുമാനപ്പെട്ട ഡോ. ഡേവിസ് കളപ്പുരയ്ക്കലച്ചന്റെ സഹായത്തോടെ കേൾവിക്ക് വൈകല്യമുള്ള 24 കുട്ടികൾക്ക് Digital Earphone വിതരണം 19-ാം തിയ്യതി നടത്തപ്പെടുന്നു.

**V. Community Based Organisation**

1 **'X' Mas Celebration :-** അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, മറ്റത്തൂർ, വരന്തരപ്പിള്ളി, എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെ ദേശംവികസന സംഘടനകൾ വിവിധ പരിപാടികളോടെ ക്രിസ്സ്മസ്സ് ആഘോഷിക്കുന്നു.

2 **Central Level Quiz Competition :-** അവാർഡിന്റെ നേതൃത്വത്തിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലെയും ചിൽഡ്രൻസ് ക്ലബുകളെ പങ്കെടുപ്പിച്ചുകൊണ്ട് "രസതന്ത്രം-പ്രയോജനവും സാധ്യതകളും" എന്ന വിഷയത്തെ ആസ്പദമാക്കി ഡിസംബർ 03 - ന് ക്വിസ് മത്സരം നടത്തുന്നു.

## VI. Agricultural Department

1. **Baseline data Collection & Survey :-** വേളൂക്കര, പുത്തൻചിറ പഞ്ചായത്തുകളുടെ നിർദ്ദിഷ്ട ഭാഗങ്ങളിലായി നടപ്പിലാക്കുന്ന അരീക്കൽതോട് നീർത്തട പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അടിസ്ഥാന വിവരശേഖരണവും ഭൂവിനിയോഗ സർവ്വെയും നടത്തുന്നു.
2. **Training Prog :-** അരീക്കൽതോട് നീർത്തട പദ്ധതിയുടെ Working group-ന് ത്രിദിന പരിശീലന പരിപാടി അവാർഡിൽവച്ച് 22, 23, 24 തിയ്യതികളിലായി നടത്തപ്പെടുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ

# കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമാ ഹെറിറ്റേജ്

## മാർ ജോസഫ് കരിയാറ്റിൽ അനുസ്മരണ സിംബോസിയം

### (റിപ്പോർട്ട്)

2011 നവംബർ 19-ാം തിയ്യതി കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമ ഹെറിറ്റേജിന്റെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളി സെന്റ് തോമസ് സ്ക്വയറിൽവച്ച് മാർ ജോസഫ് കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ 225-ാം ചരമവാർഷികത്തോടും, പാറേമാക്കൽ തോമ ഗോവർണദോറിന്റെ 275-ാം ജന്മവർഷത്തോടും അനുബന്ധിച്ച് അനുസ്മരണ സിമ്പോസിയം രാവിലെ 10 മണിക്ക് മാർ ബോസ്കോ പുത്തൂർ പിതാവ് ഉദ്ഘാടനം ചെയ്തു. സീറോമലബാർ വിശ്വാസികൾ ചരിത്രത്തെ സ്നേഹിക്കുന്നവരായിരിക്കണമെന്ന് പിതാവ് ഊന്നിപ്പറഞ്ഞു. ഇരിങ്ങാലക്കുട രൂപതാമെത്രാൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് അദ്ധ്യക്ഷപ്രസംഗം നടത്തിയ യോഗത്തിൽ, മോൺ. ജോസ് ഇരിമ്പൻ സ്വാഗതവും ഫാ. ഡേവിസ് ചെങ്ങിനിയാടൻ നന്ദിയും പറഞ്ഞു. സിംമ്പോസിയ ഉദ്ഘാടന മീറ്റിങ്ങിൽ ഇന്ത്യയിലെ വിവിധ രൂപതകളിൽനിന്ന് പ്രതിനിധികളും കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി വിദ്യാർത്ഥികളും കോളേജ് ചരിത്രവിഭാഗം പ്രതിനിധികളും, സന്യാസ-വൈദിക ശ്രേഷ്ഠരടക്കം നൂറോളംപേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽവച്ചു കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമിയുടെ ലോഗോ മാർ ബോസ്കോ പിതാവ് അനാച്ഛാദനം ചെയ്തു. മുഖ്യപ്രഭാഷകനായ റവ. ഡോ. ജെയിംസ് പുളിയുറുമ്പിൽ "ഇന്ത്യയുടെ സഭാചരിത്രത്തിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യവും, മാർ ജോസഫ് കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ പുനരൈക്യശ്രമങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി സിംപോസിയത്തിന്റെ പ്രാരംഭപഠന ചർച്ചകൾക്ക് നേതൃത്വം കൊടുത്തു. മുസിരിസ് പൈതൃക പദ്ധതിയെക്കുറിച്ച് ശ്രീ. സന്ദീപ് അബ്രാഹം, ശ്രീമതി ജെന്നി പീറ്റർ എന്നിവർ പ്രഭാഷണം നടത്തി. രണ്ടാം സെഷനിൽ റവ. ഡോ. റാഫേൽ അമ്പാടൻ, പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്നിവർ പ്രത്യുത്തര പ്രഭാഷണങ്ങളും നടത്തി. മാർ പോളി പിതാവ് പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സിമ്പോസിയത്തിൽ പങ്കെടുത്തവർക്കും സംഘാടകർക്കും റവ. ഡോ. ആന്റോ കരിപ്പായി നന്ദി പറഞ്ഞു. സിമ്പോസിയത്തിന്റെ കാര്യപരിപാടികളുടെ സമഗ്ര റിപ്പോർട്ട് റവ. ഡോ. പോളി പടയാട്ടി അവതരിപ്പിച്ചു. സിംപോസിയത്തിന്റെ വിജയത്തിന്

കൊടുങ്ങല്ലൂർ അക്കാദമി എക്സി. ബോർഡ് അംഗങ്ങളും കൊടുങ്ങല്ലൂർ ഇടവകാംഗങ്ങളും ബഹു. സിസ്റ്റേഴ്സും നേതൃത്വം നൽകി.

### ഉപന്യാസ രചനാ മത്സരം

മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലിത്തയുടെ 225-ാം ചരമ വാർഷികത്തോടും പാറേമാക്കൽ തോമാ ഗോവർണ്ണദോറുടെ 275-ാം ജന്മ ദിനാഘോഷത്തോടും അനുബന്ധിച്ച് ഒരു ഉപന്യാസ രചനാ മത്സരം സംഘടിപ്പിച്ചിരിക്കുന്നു. ലേഖനങ്ങൾ ലഭിക്കേണ്ട അവസാന തിയ്യതി 2012 ഫെബ്രുവരി 25 (വിശദവിവരങ്ങൾക്ക് നവംബർ ലക്കം ബുള്ളറ്റിൻ കാണുക)

**ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ**
ഡയറക്ടർ

## അൾത്താര ബാലസംഘം

### Holy Night

ഇരിങ്ങാലക്കുട രൂപത അൾത്താരസംഘത്തിലെ 10, 12 ക്ലാസ്സുകളിലെ അംഗങ്ങൾക്കായി പരീക്ഷ ഒരുക്ക ദൈവാനുഭവ ദിനങ്ങൾ. ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽവെച്ച് ഡിസംബർ 26 തിങ്കളാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് 27 ചൊവ്വാഴ്ച വൈകീട്ട് 4-ന് അവസാനിക്കുന്ന Holy Night ഒരുക്കധ്യാനത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചന്റെ ശുപാർശയോടെ ഡിസംബർ 15-ന് മുമ്പേ രൂപത ഡയറക്ടറെ അറിയിക്കേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

### Prayer Friend

ഇരിങ്ങാലക്കുട രൂപത അൾത്താരസംഘം നന്മയുടെ ഉത്സവമായ ക്രിസ്തുമസ് മിഴിപൂട്ടി കരയുന്നവരോടൊത്ത് ആഘോഷിക്കുന്നു...
രൂപതയിലെ വിവിധ സ്ഥാപനങ്ങളിലെ രോഗശയ്യയിലുള്ളവർക്ക് അൾത്താര സംഘാംഗങ്ങൾ ക്രിസ്തുമസ് സമ്മാനമായി പ്രാർത്ഥനാ സഹായമൊരുക്കുന്നു. ഡിസംബർ 1 മുതൽ 25 വരെ ഒരു ഇടവകയിലെ എല്ലാ അൾത്താര ബാലന്മാരും രോഗികളായ രണ്ടു സഹോദരങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നു... അവരെ സന്ദർശിക്കുന്നു. സമ്മാനങ്ങൾ കൈമാറുന്നു.

കുഞ്ഞനുജന്മാരുടെ ഈ നവ സംരംഭത്തെ പ്രോത്സാഹിപ്പിക്കണം; വിജയിപ്പിക്കണം.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

## ഈ മാസം പിറന്നാളും തിരുനാളും ആഘോഷിക്കുന്ന വൈദികർ

### Birth Days

**December 3**
Rev. Fr. Kizhakkumthala Davis
**December 8**
Rev. Fr. Gopuram Joseph
Rev. Fr. Menachery Thomas
**December 10**
Rev. Fr. Lijo Karuthy
**December 11**
Rev. Fr. Kattuparambil Titus
**December 13**
Rev. Fr. Pallipatt James
**December 16**
Rev. Msgr. Irimpan Jose
Rev. Fr. Mangalan George
**December 17**
Rev. Fr. Aricatt Jose
Rev. Fr. Kanamkudam Jose
Rev. Fr. Padayatty Pauly
**December 18**
Rev. Fr. Thottiyan Jomy
**December 19**
Rev. Fr. Siju Komban
**December 21**
Rev. Fr. Koonan Joemon
**December 22**
Rev. Fr. Vithamattil Jose
**December 23**
Rev. Fr. Ambooken Jose
**December 25**
Rev. Fr. Athiyunthan James
Rev. Fr. Cheruvathur Benny
**December 26**
Rev. Fr. Cherapanath Stephen
**December 27**
Rev. Fr. Chirayath Clement
Rev. Fr. Nellissery Shibu
**December 28**
Rev. Fr. Nereparambil Denson

### Feast Days

**December 3**
Rev. Fr. Chirayath Francis
Rev. Fr. Kavil Francis
Rev. Fr. Kodiyan Francis
**December 17**
Rev. Fr. Kuttikadan Lazar
**December 26**
Rev. Fr. Cherapanath Stephen
**December 27**
Rev. Fr. Chirayath Clement
Rev. Fr. Edattukaran John
Rev. Fr. Paliekara Joshy
Rev. Fr. Kavalakatt John (Sr.)
Rev. Fr. Kavalakatt John (Jr.)
Rev. Fr. Thekkekara John
Rev. Fr. Thekkethala John

Rev. Fr. Vennattuparambil Jinu

ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ !

# സഹൃദയ സ്കോളർഷിപ്പ്

കൊടകര, സഹൃദയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ, കോളേജിന്റെ സ്ഥാപക ചെയർമാനായ **മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ** ബഹുമാനാർത്ഥം വരുമാന പരിധി നോക്കാതെ, പഠനത്തിൽ മികവ് തെളിയിക്കുന്ന 100 വിദ്യാർത്ഥികൾക്ക് നൽകപ്പെടുന്ന സ്കോളർഷിപ്പ് പരീക്ഷയിലേക്ക് സ്വാഗതം.

പ്രൊഫ. പി.സി. തോമസിന്റെ നേതൃത്വത്തിൽ 2011 ഡിസംബർ 28ബുധനാഴ്ച കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഒരുക്കമായിട്ടുള്ള മോഡൽ പരീക്ഷ കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽവെച്ച് നടത്തപ്പെടുന്നു.

2012–ൽ **B. Tech-** ന് ചേരുവാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈ പരീക്ഷയിൽ സംബന്ധിക്കാം. പ്രവേശനഫീസ് ഇല്ല. പ്രസ്തുത പരീക്ഷയിലെ ആദ്യത്തെ 100 റാങ്കുകാർ, സഹൃദയ കോളേജ് പ്രോസ്പെക്ടസ് നിബന്ധനകൾക്ക് വിധേയമായി, സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം ലഭിച്ചാൽ മേൽപറഞ്ഞ സ്കോളർഷിപ്പിന് അർഹരായിരിക്കും. മാത്രമല്ല, ഈ മോഡൽ പരീക്ഷയിൽ ആദ്യത്തെ **5** റാങ്കുകൾ കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്.

**പരീക്ഷാദിവസം 28. 12. 2011 ബുധൻ**
**സമയം : 9.30 am - 4.00 pm**
**Paper I (9.30 am - 12.00 Noon): Physics & Chemistry**
**Paper II (1.30 pm - 04.00 pm) : Mathematics**

പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ ഫോമുകൾ 2011 നവംബർ **21**–ാം തിയ്യതി മുതൽ **www.sahrdaya.ac.in** എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ സഹൃദയ എഞ്ചിനീയറിംഗ് കോളേജ്, ഇരിങ്ങാലക്കുട ബിഷപ്സ് ഹൗസ്, ചാലക്കുടി സെന്റ് മേരീസ് ഫൊറോനപള്ളി, മാള സ്റ്റനിസ്ലാവോസ് ഫൊറോന പള്ളി, കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ ഫൊറോന പള്ളി എന്നിവിടങ്ങളിൽ നിന്നും ഫോമുകൾ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോമുകൾ

**The Controller of Model Entrance Examination 2012, Sahrdaya College of Engineering and Technology, Kodakara, Thrissur, Pin - 680 684** എന്ന വിലാസത്തിൽ 2011 ഡിസംബർ 20 ന് മുമ്പായി കോളേജിൽ ലഭിച്ചിരിക്കണം

**മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ**
*മാനേജർ*

*ബഹു. അച്ചന്മാർ ഇക്കാര്യം പള്ളിയിൽ പ്രസിദ്ധീകരിക്കുമല്ലോ.*

**NB:** പരീക്ഷാദിവസം ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ ഭാഗത്തു നിന്നും കൊടകര എൻ എച്ച് ജംഗ്ഷനിൽനിന്നും **8.00 a.m.- 9.00 a.m** കോളേജിലേക്ക് യാത്രാസൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0480 - 2726630 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. Hall Ticket പരീക്ഷാദിവസം **8.00 a.m** മുതൽ കോളേജിൽനിന്നും ലഭിക്കുന്നതാണ്.

---



## സ്പിരിച്ചാലിറ്റി സെന്റർ

1 **വിധവാസംഗമം :** ഡിസംബർ 5-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 4 വരെ (ഇരിങ്ങാലക്കുട മേഖലയിലും അതിനടുത്ത ഇടവകകളിലും ഉള്ളവർക്ക്)

2 **ബി. പ്ലസ് കൂട്ടായ്മ :** ഡിസംബർ ആദ്യ ചൊവ്വാഴ്ച 6-ാം തിയ്യതി രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

3 **ജെറീക്കോ പ്രാർത്ഥന :** ഡിസംബർ 10-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8.30ന് സമാപിക്കുന്നു.

4 **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** ഡിസംബർ 17-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

5 **പ്രേഷിത കൂട്ടായ്മ :** ഡിസംബർ 29-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30-ന്

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

## ബി.എൽ.എം. ധ്യാനകേന്ദ്രം

ആളൂർ ബി.എൽ.എം ധ്യാനകേന്ദ്രത്തിലെ ഡിസംബർ മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ

| | | |
|---|---|---|
| 8, 9, 10, 11 | - | യുവജനധ്യാനം |
| 15, 16, 17, 18 | - | ആന്തരികസൗഖ്യധ്യാനം |
| 26, 27, 28, 29 | - | കുട്ടികളുടെ ധ്യാനം |
| 28, 29, 30, 31 | - | പരിശുദ്ധാത്മാഭിഷേക ധ്യാനം |

### ബി.എൽ.എം. ധ്യാനകേന്ദ്രത്തിലെ മറ്റു ശുശ്രൂഷകൾ

* **ഏകദിന കൺവെൻഷൻ**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകീട്ട് 3.00 മണിവരെ വചനപ്രഘോഷണവും ദിവ്യകാരുണ്യസൗഖ്യാരാധനയും
* **വിധവകളുടെ ഏകദിന ധ്യാനം**
  രണ്ടാം തിങ്കളാഴ്ച (12.12.2011) രാവിലെ 10 മണി മുതൽ വൈകീട്ട് 3.30 മണി വരെ
* **ഏകസ്ഥർക്കുള്ള ഏകദിനധ്യാനം**
  മൂന്നാമത്തെ തിങ്കളാഴ്ച (19.12.2011) രാവിലെ 10 മണി മുതൽ വൈകീട്ട് 3.30 മണി വരെ
* **ജാഗരണ പ്രാർത്ഥന**
  രണ്ടാമത്തെ ചൊവ്വാഴ്ച (13. 12. 2011) വൈകീട്ട് 6.00 മണി മുതൽ ബുധനാഴ്ച രാവിലെ 6.00 മണി വരെ
* എല്ലാ ശുശ്രൂഷകളിലും വിശുദ്ധ കുർബ്ബാന, കുമ്പസാരം, ആരാധന, ആത്മാഭിഷേകപ്രാർത്ഥന എന്നിവ ഉണ്ടായി.

## കരിസ്മാറ്റിക് മൂവ്മെന്റ്

**ബേത്‌ലഹേം - 2011**

8-ാമത് രൂപതാ കരിസ്മാറ്റിക് ബൈബിൾ കൺവെൻഷൻ ഡിസംബർ 2, 3, 4 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ ആളൂർ B.L.M ധ്യാനകേന്ദ്രത്തിൽവെച്ച് നടക്കുന്നു. ആത്മീയ ശുശ്രൂഷകൾക്ക് റവ. ഫാ. ഷാജൻ തേർമഠം മുൻ K.S.T ചെയർമാൻ, റവ. ഫാ. ജോയ് ചെമ്പകശ്ശേരി O.S.B. ശാന്തി നികേതൻ ബനഡിക്ടിൻ ധ്യാനകേന്ദ്രം

മക്കിയാട്, വയനാട്, റവ. ഫാ. മാത്യു തടത്തിൽ വി.സി & പോട്ട ടീം എന്നിവർ നേതൃത്വം നൽകുന്നു. ഏവർക്കും സ്വാഗതം.

**മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം**

ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 5 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകീട്ട് 3 മണി വരെ ആളൂർ B.L.M.-ൽ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമാചരിക്കുന്നു.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## ചെന്നൈ മിഷൻ വാർത്തകൾ

1 സീറോമലബാർ സഭാധ്യക്ഷൻ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് സ്വീകരണവും ക്രിസ്തുമസ് ആഘോഷവും ഡിസംബർ 18-ാം തിയ്യതി സാന്തോം ഹയർ സെക്കന്ററി സ്ക്കൂൾ ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്നു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ, മാർ ജെയിംസ് പഴയാറ്റിൽ, ഡോ. എ. എം. ചിന്നപ്പ (മദ്രാസ്-മൈലാപ്പൂർ അതിരൂപതാധ്യക്ഷൻ), ഡോ. നീതിനാഥൻ (ചെങ്കൽപ്പെട്ട് രൂപതാധ്യക്ഷൻ), ഡോ. ലോറൻസ് പയസ് (മദ്രാസ്-മൈലാപ്പൂർ സഹായ മെത്രാൻ), ഡോ. യോഹന്നാൻ മാർ ഡിയസ്കോറസ് (മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്, മെട്രോപ്പൊലിറ്റൻ) എന്നീ പിതാക്കന്മാർ യോഗത്തിൽ സന്നിഹിതരായിരിക്കും. അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 'ബ്ലസ് എ ഹോം' പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. പ്രേഷിതവർഷത്തോടനുബന്ധിച്ചുള്ള "Light the Candle" എന്ന നൃത്ത സംഗീതനാടകാവിഷ്കാരം ഉണ്ടായിരിക്കും.

**ഗ്ലോറിയ 2011**

2. കീഴ്ക്കട്ട്ളൈ ഇടവകയിലെ സി.വൈ.എം. സംഘടിപ്പിക്കുന്ന ഗ്ലോറിയ 2011 (കരോൾഗാനമത്സരം) കീൽക്കട്ട്ളൈ ഹോളിഫാമിലി സ്ക്കൂളിൽവച്ച് ഡിസംബർ 11-ാം തിയ്യതി നടത്തുന്നു.

**മോൺ. ജോസ് പാലാട്ടി**
ചെന്നൈ മിഷൻ കോ-ഓർഡിനേറ്റർ

# സെന്റ് പോൾസ് മൈനർ സെമിനാരി

1 ജപമാല മാസാവസാനത്തിൽ ആഘോഷമായ ദിവ്യബലിയും മെഴുകുതിരി പ്രദക്ഷിണവുമുണ്ടായിരുന്നു.
2 മരിച്ചവരുടെ ഓർമ്മ ആചരിച്ച നവംബർ 2-ന് ഇരിങ്ങാലക്കുട കത്തീഡ്രലിലെ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്നു. സിമിത്തേരി സന്ദർശനം നടത്തി.
3 വൈദികവിശുദ്ധീകരണ (നവംബർ 3) ഉപവാസപ്രാർത്ഥനാദിനാചരണപരിപാടികളിൽ സജീവമായി സംബന്ധിച്ചു.
4 'ഹോം ഡേ'യോടനുബന്ധിച്ചുള്ള കലാമത്സരങ്ങൾ വികാരി ജനറാൾ മോൺ. ജോസ് പാലാട്ടി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.
5 കെനിയയിലെ മിഷനറിയും ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവകയിലെ അസിസ്റ്റന്റ് വികാരിയുമായ ബഹു. ഫെലിക്സ് പള്ളിപ്പാട്ട് O. Carm അച്ചൻ മാസധ്യാനം നയിച്ചു.
6 കുടുംബദിനം ആഘോഷിച്ചു. അഭിവന്ദ്യ ജെയിംസ് പിതാവും പോളി പിതാവും ആദ്യന്തം എല്ലാ പരിപാടികളിലും സംബന്ധിച്ചു.
7 ഇരിങ്ങാലക്കുട സ്പിരിചാലിറ്റി സെന്ററിൽ ക്രിസ്തുരാജന്റെ തിരുനാൾ കുർബാനയിലും, മറ്റ് ആഘോഷങ്ങളിലും സെമിനാരി കുടുംബം പങ്കെടുത്തു.

**സാമ്പത്തികസഹായം നൽകിയവർ**

1 ശ്രീമതി നാൻസി ടോണി പന്തല്ലൂക്കാരൻ, കൊടകര
2 ശ്രീ. ടി. കെ. ജോയ് തെക്കെത്തല, ഇരിങ്ങാലക്കുട
3 ശ്രീ. ബിജു അഗസ്റ്റിൻ കാച്ചപ്പിള്ളി, അങ്കമാലി
4 ശ്രീമതി ലിജി ബിജു കാച്ചപ്പിള്ളി, അങ്കമാലി
5 ശ്രീമതി സെലീന ജോണി കൂളിയാടൻ, വെള്ളാങ്കല്ലൂർ
6 ശ്രീ. ഡേവീസ് കൂവക്കാടൻ, താണിശ്ശേരി ഡോളേഴ്സ്
7 ശ്രീമതി ശോശന്ന വറീത് തേറുപറമ്പിൽ, മൂർക്കനാട്
8 ശ്രീ. ആന്റണി കുര്യാക്കോസ് വലിയവീട്ടിൽ, വൈന്തല
9 റവ. ഫാ. തോമസ് പഞ്ഞിക്കാരൻ, സെമിനാരി (90,000)
10 ശ്രീമതി ബേബി ജോസ് കൊമ്പൻ, കരാഞ്ചിറ
11 ശ്രീ. ജോസഫ് നെല്ലിശ്ശേരി, എടത്തിരുത്തി
12 മാസ്റ്റർ ഐവാൻ സുബിൻ വാച്ചാലക്കൽ, ചാലക്കുടി

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

# ഫ്രാൻസിസ്കൻ അസോസിയേഷൻ

**സമാധാനം സൗഭാഗ്യം**

**കൃതജ്ഞതാദിനവും തിരുപ്പിറവി ആഘോഷവും**

അല്മായ ഫ്രാൻസിസ്ക്കൻ സഭ (SFO) 2011-ലെ കൃതജ്ഞതാ ദിനവും തിരുപ്പിറവി ആഘോഷവും ഡിസംബർ 22-ാം തിയ്യതി വ്യാഴാഴ്ച ആളൂർ BLM-ൽവച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടൻ ക്രിസ്മസ് സന്ദേശം നൽകുന്നു. 2011 -ലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും 2012-ലെ പ്രവർത്തന രൂപരേഖ അവതരണവും റവ. ഫാ. പീറ്റർ പഞ്ഞിക്കാരൻ OFM Cap. നിർവ്വഹിക്കും.

ഈ വർഷം നടത്തിയ അസ്സീസി ക്വിസ് മത്സര പരീക്ഷയുടെ ക്യാഷ് അവാർഡും പ്രോത്സാഹന സമ്മാനവും അഭിവന്ദ്യ പിതാവ് നൽകുന്നു.

**ഫാ. പീറ്റർ പഞ്ഞിക്കാരൻ OFM Cap.**
ഡയറക്ടർ

---

# നവചൈതന്യ

**നാളെകൾ**

| | | |
|---|---|---|
| ഡിസംബർ 4. | | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| ” | 7 | പ്രാർത്ഥനാദിനം - സ്റ്റാഫ് മീറ്റിംഗ് |
| ” | 10-17 | ലഹരിമോചന പരിശീലനക്യാമ്പ് |
| ” | 11 | ജാഗരണപ്രാർത്ഥന |
| ” | 12 | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| ” | 17 | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| ” | 27, 28, 29 | ഫീൽഡ് വിസിറ്റ് |
| | 30 | ഔട്ട്റീച്ച് പ്രോഗ്രാം |

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

# തിരുബാലസഖ്യം

Children Army Fest 2011 ഡിസംബർ 3-ാം തിയ്യതി ആളൂർ MTC (BLM) ഹാളിൽവെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. രാവിലെ 9.30 മുതൽ 3.30 വരെ. അന്നേദിവസം ബൈബിൾ കലോത്സവത്തിന്റെ സമ്മാനദാനവും പേപ്പൽ സ്കോളർഷിപ്പിന്റെ വിതരണവും അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്.

ആർമി ഫെസ്റ്റിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 1-ാം തിയ്യതിക്കുള്ളിൽ തരേണ്ടതാണ്. 3, 4 ക്ലാസ്സുകളിൽ വേദോപദേശം പഠിക്കുന്ന കുട്ടികൾ ഇതിൽ നിർബന്ധമായും പങ്കെടുക്കണം.

**ഫാ. ഷിബു നെല്ലിശ്ശേരി**
ഡയറക്ടർ.

---

# സാൻജോസദൻ

**ഡിസംബർ**

| | |
|---|---|
| 2 | സ്റ്റാഫ് മീറ്റിംഗ് |
| 14 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 16 | പ്രാർത്ഥനാദിനം |
| 18 | ഫോളോ അപ്പ് പ്രോഗ്രാം |
| 23 | സ്റ്റാഫ് ക്രിസ്തുമസ് ആഘോഷം |

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

---

# പാക്സ്

1 **പ്രീ - കാന :** ഡിസംബർ 5, 6, 7; 12, 13, 14; 19, 20, 21; 28, 29, 30

2 **കെ.സി.ബി.സി. ഡോക്ട്രിനൽ കമ്മീഷൻ നടത്തുന്ന സെമിനാർ on Sects:** ഡിസംബർ 2

3 **മാതൃസംഘം ജനറൽബോഡി :** ഡിസംബർ 3

4 **കുടുംബവർഷാചരണം എക്സി. മീറ്റിംഗ് :** ഡിസംബർ 10

**ഫാ. പോളി പടയാട്ടി**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**ഡിസംബർ 2011**

| | | |
|---|---|---|
| 1 | 10.30 am | പ്രൊവിഡൻസ് ഹൗസ് ഇരിങ്ങാലക്കുട |
| 2 | 10.00 am | പാക്സ് കല്ലേറ്റുംകര |
| | 2.00 pm | BLM ആളൂർ |
| 3 | 10.00 am | സേവനഗിരി, പഴൂക്കര |
| | 2.00 pm | MTC ആളൂർ |
| 4 | | ഇടയസന്ദർശനം, നന്തിക്കര പള്ളി |
| 5 | 6.45 am | തിരുഹൃദയഭവനം ആളൂർ |
| | 10.00 am | കാർമ്മൽ ചാലക്കുടി |
| | 12.00 noon | BLM ആളൂർ |
| 6 | | സന്ദർശകദിനം |
| 7 | | ഇരിങ്ങാലക്കുട |
| 8 | 6.30 am | അൽവേർണിയ ഇരിങ്ങാലക്കുട |
| | 10.30 am | ജറുസലേം തലോർ |
| | 11.30 am | നിർമ്മല കോൺവെന്റ് നെല്ലായി |
| | 5.00 pm | സാന്ത്വനസദൻ ഇരിങ്ങാലക്കുട |
| 9 | | ഇരിങ്ങാലക്കുട |
| 10 | | ഇരിങ്ങാലക്കുട |
| 11 | 7.00 am | മാപ്രാണം പള്ളി |
| | 10.00 am | സെന്റ് ജോസഫ് കോളേജ് ഇരിങ്ങാലക്കുട |
| | 4.00 pm | ശാന്തിസദൻ ഇരിങ്ങാലക്കുട |
| 12 | 9.30 am | തിരുഹൃദയഭവനം ആളൂർ |
| 13-15 | | KCBC പാലാരിവട്ടം കൊച്ചി |
| 16 | 6.45 am | നവചൈതന്യ ആളൂർ |
| | 5.00 pm | പുലിപ്പാറക്കുന്ന് |
| 17 | 9.00 am | ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ |
| | 10.30 am | FATRI വേലൂർ |
| | 2.30 pm | വിദ്യാജ്യോതി ഇരിങ്ങാലക്കുട |
| 18-19 | | ചെന്നൈ |
| 20 | | സന്ദർശകദിനം |
| 21 | | ഇരിങ്ങാലക്കുട |
| 22 | 10.30 am | മാർ തോമാസെന്റർ ആളൂർ |

| | | |
|---|---|---|
| | 11.30 am | മൈനർ സെമിനാരി, ഇരിങ്ങാലക്കുട |
| 23 | | ഇരിങ്ങാലക്കുട |
| 24. | 11.30 pm | കത്തീഡ്രൽ ഇരിങ്ങാലക്കുട. |
| 25 | | ക്രിസ്തുമസ് |
| 26 | 9.00 am | തിരുപ്പട്ടം കരാഞ്ചിറ പള്ളി |
| | 2.30 pm | ആനന്ദപുരം L.F. പള്ളി |
| 27 | 9.00 am | തിരുപ്പട്ടം മാരാംകോട് സെന്റ് ജോസഫ് പള്ളി |
| 28 | 9.00 am | തിരുപ്പട്ടം കുണ്ടൂർ പള്ളി |
| | 2.00 pm | കുമ്പിടി പള്ളി |
| | 6.00 pm | പുല്ലൂർ പള്ളി |
| 29 | 9.00 am | തിരുപ്പട്ടം മാപ്രാണം പള്ളി |
| 30 | 6.00 pm | ഒളരി പള്ളി |
| 31 | 9.00 am | തിരുപ്പട്ടം മോതിരക്കണ്ണി പള്ളി |
| | 11.00 am | സഹൃദയ കോളേജ് കൊടകര |

## ഇടയന്റെ ഇന്നലെകൾ

**നവംബർ 2011**

| | | |
|---|---|---|
| 1 | 6.30 am | കല്ലേറ്റുംകര PACS-ൽ വി. കുർബാന അർപ്പിച്ചു. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | റവ. ഫാ. വിൽസൻ കണ്ണനായ്ക്കലിന്റെ അമ്മയുടെ നിര്യാണത്തിൽ ചെങ്ങാലൂരിലുള്ള ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.30 pm | സഹൃദയ എൻജിനീയറിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 2 | 7.30 am | സകല മരിച്ചവരുടെയും ഓർമ്മതിരുനാളിൽ കത്തീഡ്രൽ സിമിത്തേരിയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 10.00 am | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 5.00 pm | വൈന്തല ഇടവകയിൽ പുതിയ സിമിത്തേരി വെഞ്ചരിച്ചു; വി. കുർബാന അർപ്പിച്ചു. |
| 3 | 10am-4 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വൈദിക വിശുദ്ധീകരണദിനത്തിലെ പരിപാടികളിൽ സംബന്ധിച്ചു. |
| | 5.00 pm | രൂപത ജീസസ് യൂത്ത് ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി. |

| | | |
|---|---|---|
| 4 | 8.15 am | തൃശൂർ ആലപ്പാട്ട് ഫ്രാൻസീസ് ഭാര്യ ജോസഫീന യുടെ നിര്യാണത്തിൽ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 5.30 pm | മീറ്റിംഗിൽ പങ്കെടുത്തു. |
| 5 | 6.15 am | കരാഞ്ചിറ വി. പത്താം പീയൂസ് കോൺവെന്റിൽ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ 38-ാം ചരമവാർഷികത്തിന് വി. കുർബാന അർപ്പിച്ചു. |
| | 1.00 pm | ചുണങ്ങംവേലി നിവേദിത സന്ദർശിച്ചു. |
| | 2.00 pm | ചുണങ്ങംവേലിയിൽ SD സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. |
| | 2.30 pm | ചുണങ്ങംവേലിയിൽ മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സമർപ്പിത സമൂഹത്തിലെ അർത്ഥിനികളുടെ സഭാവസ്ത്ര-പ്രഥമവ്രതവാഗ്ദാന ചടങ്ങുകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 6 | | ചെന്നൈയിൽ സീറോമലബാർ അല്മായ സമ്മേളനത്തിൽ പങ്കെടുത്തു. |
| 7 | | ചെന്നൈ മിഷനിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി. |
| 8 | | സന്ദർശകരെ സ്വീകരിച്ചു. |
| | 5.30 pm | ഇരിങ്ങാലക്കുട ആൽത്തറ ജംഗ്ഷനിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| | 7.00 pm | സ്പിരിചാലിറ്റി സെന്റർ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 9 | 06.30 am | ഇരിങ്ങാലക്കുട ശാന്തിസദനത്തിൽ വി. ബലി അർപ്പിച്ചു. |
| | 10.30 am | ആളൂർ പള്ളിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 03.00 pm | ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ റവ. സി. അബ്സലോമിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 10 | 3.00 pm | പാലാരിവട്ടം പി.ഒ.സി.യിൽ തിയോളജി കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 11. | 9.30 a.m | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ 'എമ്മാനുവേൽ' ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. |
| | 10.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | മീറ്റിംഗിൽ പങ്കെടുത്തു. |
| 12. | 06.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| | 11.15 am | ചാലക്കുടിയിൽ പുതുശ്ശേരി പെരേപ്പാടൻ കുടുംബ യോഗത്തിന്റെ ദശവത്സരാഘോഷം ഉദ്ഘാടനം ചെയ്തു. |
| | 12.15 pm | കൊറ്റനെല്ലൂർ കൃപാഭവനിൽ പുതിയ ഭവനം വെഞ്ചരിച്ചു. |
| | 2.30 pm | രൂപതാഭവനത്തിൽ നടന്ന ഏകോപനസമിതി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.30 pm | വൈദികവിദ്യാർത്ഥി ഫോർമേഷൻ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 13. | | മാരാംകോട് സെന്റ് ജോസഫ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. |
| 14 | 11.30 am | വല്ലക്കുന്ന് പള്ളിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 5.00 pm | തെക്കൻ താണിശ്ശേരി ഇടവകയിൽ ഒരു കപ്പേള വെഞ്ചരിച്ചു; പൊതുയോഗം ഉദ്ഘാടനം ചെയ്തു. |
| 15. | 6.30 am | കല്ലേറ്റുംകര PACS-ൽ വി. ബലി അർപ്പിച്ചു. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 4.30 pm | കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമിയുടെ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 16. | 10.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ ഹോംഡേ ആഘോഷത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 17 | 6.30 am | പുളിയിലക്കുന്ന് ബാലഭവനിൽ വി. കുർബാന അർപ്പിച്ചു. പുതിയ കെട്ടിടം വെഞ്ചരിച്ചു. |
| | 10.00 am | കല്ലേറ്റുംകര PACS-ൽ തൃശൂർ പ്രോവിൻസിലെ ബിഷപ്പുമാരുടെയും കൂരിയ അംഗങ്ങളുടെയും മീറ്റിംഗിൽ പങ്കെടുത്തു. |

18. 9.30 am മാള B.Ed കോളേജിൽ

19 7.00 am മണ്ണുത്തി സമരിറ്റൻ കോൺവെന്റിൽ റവ. സി. അർച്ചന CSS-ന്റെ മരണവാർഷികത്തിന് വി. ബലി അർപ്പിച്ചു.

10.00 am കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയിലെ സാന്തോം സ്ക്വയറിലെ മാർ ജോസഫ് കരിയാറ്റി ഹാളിൽ നടന്ന സിമ്പോസിയത്തിൽ അധ്യക്ഷത വഹിച്ചു.

5.30 pm ആളൂർ കാൽവരിക്കുന്ന് ഫ്രാൻസിസ്കൻ ആശ്രമത്തിൽ തിരുനാളിന് വി. ബലി അർപ്പിച്ചു.

20 7.00 am ആളൂർ B.L.M. ധ്യാനകേന്ദ്രത്തിൽ വി. ബലി അർപ്പിച്ചു.

10.30 am രൂപത കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന കുടുംബസംഗമം ഉദ്ഘാടനം ചെയ്തു.

2.30 pm രൂപതാഭവനത്തിൽ നടന്ന മേഴ്സിട്രസ്റ്റിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

4.00 pm വെള്ളാഞ്ചിറയിൽ സി. മരിയ ജോസ് കണ്ണൂക്കാടൻ CHF-ന്റെ പിതാവിന്റെ ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

5.00 pm മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഡിവൈൻ വിഷന്റെ ഗുഡ്നെസ് ടിവിയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് മാധ്യമദിനസന്ദേശം നൽകി.

21 9.30 am സഹൃദയ എൻജിനീയറിംഗ് കോളേജിന്റെ ദശവത്സരാഘോഷ പരിപാടികളിൽ പങ്കെടുത്തു.

5.00 pm കല്ലേറ്റുംകര PACS-ൽ കുടുംബകൂട്ടായ്മ വർഷത്തിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

22 9.00 am സന്ദർശകരെ സ്വീകരിച്ചു.

3.00 pm വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.

5.00 pm രൂപതയിലെ റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി.

23 10.00 am തെക്കൻ താണിശ്ശേരിയിൽ പകൽവീട് വാർഷികത്തിൽ പങ്കെടുത്തു.

2.30 pm രൂപതാഭവനത്തിൽ അവാർഡിന്റെ ട്രസ്റ്റ് ബോർഡിൽ അദ്ധ്യക്ഷത വഹിച്ചു.

24 6.30 am മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു.

10.30 am സോഷ്യൽ ആക്ഷന്റെ ജനറൽബോഡി യോഗത്തിൽ പങ്കെടുത്തു.

2.30 pm പ്രെസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

6.00 pm ജസ്റ്റിസ്ഫോറം മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

25 6.30 am കോട്ടാറ്റ് സെന്റ് ജോൺ ബാപ്റ്റിസ്റ്റ് മഠം കപ്പേളയിൽ 40 മണിക്കൂർ ആരാധനയുടെ പ്രാരംഭ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

11.00 am ഇരിങ്ങാലക്കുട രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരെയും അവരുടെ വികാരിയച്ചന്മാരെയും ഡീക്കന്മാരുടെ മാതാപിതാക്കളെയും രൂപതാഭവനത്തിൽ സ്വീകരിച്ചു.

5.00 pm തൃശൂർ പരി. വ്യാകുലമാതാവിന്റെ ബസിലിക്കയിലെ പ്രതിഷ്ഠാതിരുനാളിന് വി. ബലി അർപ്പിച്ചു.

26 11.00 am കാരൂരിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

12.00 noon കൊടകരയിൽ ഫ്രാൻസിസ്കൻ അല്മായസഭയുടെ മേഖലാസെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി.

5.00 pm തെക്കൻ താണിശ്ശേരി നിർമ്മലനഗർ കുരിശുപള്ളിയിൽ വി. ബലി അർപ്പിച്ചു.

27 7.00 am കുഴൂർ മേരി ഇമ്മാക്കുലേറ്റ് ഇടവകയിൽ ഇടയസന്ദർശനം നടത്തി; ഡയമണ്ട് ജൂബിലിയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

28 9.45 am നോർത്ത് ചാലക്കുടി ദേവാലയത്തിൽ രൂപതയിലെ ദേവാലയശുശ്രൂഷികളുടെ കുടുംബസംഗമത്തിൽ വി. ബലി അർപ്പിച്ചു; സമ്മേളനം ഉദ്ഘാടനം ചെയ്തു.

6.00 pm തലശ്ശേരി മൈനർ സെമിനാരിയിലെ ഹോംഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

29 9.00 am സന്ദർശകരെ സ്വീകരിച്ചു.

2.45 pm നടവരമ്പ് ഗവ. മോഡൽ ഹയർ സെക്കന്ററി സ്ക്കൂളിൽ കൊയ്ത്തുത്സവം ഉദ്ഘാടനം നടത്തി.

6.00 pm കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ മീറ്റിംഗിൽ പങ്കെടുത്തു.

30 3.00 pm ഇരിങ്ങാലക്കുട സെന്റ് വിൻസെന്റ് ഡയബറ്റിക് സെന്ററിൽ കപ്പേള വെഞ്ചരിച്ചു.

16 08.00.am കോർമല കർമ്മല മാതാ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

02.30.pm കാട്ടൂരിൽ വാഴ്ത്തപ്പെട്ട ഏവുപ്രാസ്യമ്മയുടെ പുതുക്കി പണിത ജന്മഗൃഹം വെഞ്ചരിച്ചു; ജനനതിരുനാളിന് വി. കുർബ്ബാന അർപ്പിച്ചു സന്ദേശം നൽകി.

06.30.pm ഇരിങ്ങാലക്കുട ഡോൺബോസ്ക്കോ മതബോധന യൂണിറ്റിലെ പ്രധാനാധ്യാപകൻ ചെറിയാൻ മാഷിന്റെ മരണത്തോടനുബന്ധിച്ച് ഭവനം സന്ദർശിച്ചു; ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

07.00.pm കല്ലേറ്റുംകര PACS-ൽ റവ. സി ഡാലിയ CSS-ന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

17 10.30.am താമരശേരിയിൽ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

18 06.30.am ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലി അർപ്പിച്ചു.

09.00.am സന്ദർശകരെ സ്വീകരിച്ചു.

02.30.pm കരാഞ്ചിറ ഹോസ്പിറ്റലിൽ പുതിയ കെട്ടിടം വെഞ്ചരിച്ചു

04.30.pm രൂപതാഭവനത്തിൽ കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമ ഹെറിറ്റേജിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

19 02.00.pm മാള സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ A.J. സാനി മാസ്റ്റർക്ക് അഭിനന്ദനങ്ങൾ നൽകുന്നതിന് സംഘടിപ്പിച്ച അനുമോദനയോഗം ഉദ്ഘാടനം ചെയ്തു.

20 10.00.am ഇരിങ്ങാലക്കുട ഫൊറോന മാസധ്യാനത്തിൽ പങ്കെ ടുത്തു.

02.30.pm ആലുവയിൽ ഡൊറോത്തിയൻ സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06.30.pm പരിയാരം CSR-ൽ CMI വൈദികരുടെയും സന്യാസിനികളുടെയും സമ്മേളനത്തിൽ സന്ദേശം നൽകി.

21 11.00.am ബ്ലസ്സ് എ ഹോം പദ്ധതിയുടെ എക്സിക്യൂട്ടിവ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

05.30.pm ആലുവ എട്ടേക്കർ തീർത്ഥാടനകേന്ദ്രത്തിൽ വി. യൂദാ തദേവൂസിന്റെ തിരുന്നാളിന് വി. കുർബ്ബാന അർപ്പിച്ചു.

22 10.30.am ആലുവ ജീവോദയ പ്രൊവിൻഷ്യൽ ഹൗസിൽ ഹോളിഫാമിലി സന്യാസിനികളുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

| | | |
|---|---|---|
| | 5.30.pm | കുഴിക്കാട്ടുശേരി പള്ളിയിൽ മരിയൻജ്യോതി പ്രയാണത്തിന്റെ സമാപനത്തിൽ വി. ബലി അർപ്പിച്ചു. |
| 23 | 12.05.pm | കുഴിക്കാട്ടുശേരിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 01.00.pm | കൊടകരയിൽ ഒരു വിവാഹത്തിൽ പങ്കെടുത്തു. |
| | 03.00.pm | കരുവന്നൂർ സെന്റ് ജോസഫ് കോൺവന്റിലെ 40 മണിക്കൂർ ആരാധനയുടെ സമാപനത്തിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 05.00.pm | ഒല്ലൂർ ഫൊറോന ദേവാലയത്തിൽ മാലാഖയുടെ തിരുനാളിന് കൂടുതുറക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. |
| 24 | 11.00.am | ചാലക്കുടിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 06.00.pm | ആനന്ദപുരം സെന്റ് മേരീസ് ഇടവകയിൽ വി. കുർബാന അർപ്പിച്ചു. |
| 25 | 06.30.am | കല്ലേറ്റുംകര പാക്സിൽ വി. കുർബ്ബാന അർപ്പിച്ചു. |
| | 09.00.am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00.pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 26 | 07.15.am | ചാലക്കുടി ഫൊറോന ദേവാലയത്തിൽ ഫാ. ജെയിംസ് പറോക്കാരന്റെ 1-ാം മരണവാർഷികത്തിന് വി. കുർബ്ബാന അർപ്പിച്ചു. |
| | 05.30.pm | പടിഞ്ഞാറേ കല്ലൂർ ഇടവക ദേവാലയത്തിൽ മദ്ബഹ വെഞ്ചരിച്ചു. |
| 27 | 10.00.am | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു |
| | 06.30.pm | മൈനർ സെമിനാരിയിൽ ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി. |
| 28 | 09.00.am | സന്ദർശകരെ സ്വീകരിച്ചു. |
| | 10.30.am | രൂപതാഭവനത്തിൽ ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 29 | 09.30.am | വല്ലം ഫൊറോന ദേവാലയത്തിൽ വി. അമ്മത്രേസ്യയുടെ തിരുനാളിന് വി. ബലി അർപ്പിച്ചു. വിദ്യാരംഭം നടത്തി. |
| | 04.00.pm | കനകമല പള്ളിയിൽ കൊന്തമാതാവിന്റെ തിരുനാളിന് വി. കുർബ്ബാന അർപ്പിച്ചു. വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു. |
| 30 | 06.45.am | തേശ്ശേരി പള്ളിയിൽ വി. ബലി അർപ്പിച്ചു. |
| | 04.45.pm | പെരുമ്പടപ്പ് പള്ളിയിൽ കൊന്ത സമാപനത്തിന് സന്ദേശം നൽകി. |
| | 05.30.pm | കയ്പമംഗലം പള്ളിയിൽ കൊന്ത സമാപനത്തിന് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |